നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

ജനുവരി 2007

3.00 ക.

# അംബേദ്കറുടെ നാട്ടിൽ



**ഭയ്യലാലിന്റെ കുടിൽ:** വീടുപണിയാൻ ഗ്രാമപഞ്ചായത്ത് അനുവദിക്കാത്തതിനാൽ കുടിലിൽ അടുക്കിവച്ചിരിക്കുന്നതാണ് ഇഷ്ടിക *(വാർത്ത പേജ് 6-ൽ)*

117

# തൊഴിലുറപ്പു പദ്ധതി കേരളത്തിൽ മന്ദഗതിയിൽ

ഒടുവിൽ കേരളത്തിലും തൊഴിലുറപ്പുപദ്ധതി നടപ്പാക്കിത്തുടങ്ങി. മറ്റെല്ലാ സംസ്ഥാനങ്ങളും തൊഴിലുറപ്പു പദ്ധതി നടപ്പാക്കിയിട്ടും പദ്ധതി നടപ്പാക്കാതിരുന്ന രണ്ടു സംസ്ഥാനങ്ങൾ കേരളവും മേഘാലയവുമായിരുന്നു. എന്നാൽ ഈയിടെ കേരളവും പദ്ധതി നടപ്പാക്കുന്നതിന്റെ ഹരിശ്രീ കുറിച്ചു.

ഇന്ത്യയിൽ ആകെ 200 ജില്ലകളിലാണ് തൊഴിലുറപ്പുപദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നത്. കേരളത്തിൽ പാലക്കാട്, വയനാട് ജില്ലകളാണ് ഇതിനു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. പാലക്കാട് ജില്ലക്ക് 17 കോടി രൂപയും വയനാടിന് നാലുകോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഒരു പരീക്ഷണമെന്ന നിലക്കാണ് പദ്ധതി നടപ്പാക്കിത്തുടങ്ങിയതെന്ന് ഗ്രാമീണ വികസന വകുപ്പ് സെക്രട്ടറിയായ എസ്.എം വിജയാനന്ദ് പറഞ്ഞു. പദ്ധതി നടപ്പാക്കുന്നതിനുള്ള ഏറ്റവും വലിയ തടസ്സം കരാറുകാരാണ്. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ തൊഴിൽദാന പദ്ധതികളനുസരിച്ച് കേരളത്തിന് പണ്ടും പണം അനുവദിക്കാറുണ്ട്. ജോലിക്ക് കൂലി ഭക്ഷണം എന്ന പരിപാടി പ്രകാരം വളരെയധികം ധാന്യവും അനുവദിക്കാറുണ്ട്. എന്നാൽ പണിയെല്ലാം കരാറുകാരെ ഏല്പിച്ച് പണി നടത്തിയെന്നു വരുത്തിതീർക്കുകയായിരുന്നു പതിവ്. അതിന്റെ ഗുണം മുഴുവനും കരാറുകാർക്കായിരുന്നു.

ഇപ്പോൾ തൊഴിലുറപ്പു പദ്ധതി പഞ്ചായത്തുകൾ കുടുംബശ്രീ ഗ്രൂപ്പുകൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കാനാണ് ശ്രമിച്ചുവരുന്നത്. ഈ ജനകീയ പങ്കാളിത്തം വിജയിച്ചാൽ അത് വലിയൊരു നേട്ടമായിരിക്കും.

കുടുംബത്തിലൊരാൾക്ക് കൊല്ലത്തിൽ 100 ദിവസം ജോലി ലഭിക്കും. ആണിനും പെണ്ണിനും തുല്യവേതനം കിട്ടുമെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. കേരളത്തിൽ ഒരാൾക്ക് ഒരു ദിവസം 125ക കൂലി കിട്ടുമായിരിക്കും. കേരളത്തിൽ കൂലിപ്പണിക്ക് തുല്യവേതനം നൽകുന്നത് ഇതാദ്യമാണ്.

പാലക്കാട് ജില്ലയിൽ രണ്ടരലക്ഷം പേരും വയനാട് ജില്ലയിൽ ഒന്നരലക്ഷം പേരും തൊഴിലിന്ന് പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇവരെല്ലാം തൊഴിലാവശ്യപ്പെടുമെന്ന് തോന്നുന്നില്ല. പാലക്കാട് ജില്ലയിൽ 50,000 പേരും വയനാട്ടിൽ 25,000 പേരും തൊഴിലിന്നപേക്ഷിക്കുമെന്നേ പ്രതീക്ഷിക്കുന്നുള്ളൂവെന്ന് വിജയാനന്ദ് പറയുന്നു.

കേരളത്തിന്ന് തനതായ ചില പ്രശ്നങ്ങളുണ്ട്. ദാരിദ്ര്യരേഖക്കുതാഴെയുള്ളവരെ നിർണ്ണയിക്കുന്നതിലെ മാനദണ്ഡമാണ് ഒരു പ്രശ്നം. കേരളത്തിൽ 200 ക. കൂലി നിരക്കുള്ളപ്പോൾ 125 ക. കൂലിക്കു പണിയാൻ ആളെ കിട്ടില്ല. തൊഴിൽ വേണമെന്നുള്ളവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ പ്രായോഗികമല്ല. പഞ്ചായത്തുകൾക്ക് തൊഴിൽ പദ്ധതി നടപ്പാക്കുന്നതിൽ കൂടുതൽ പങ്കാളിത്തവും പ്രാധാന്യവും നൽകിയാലേ പദ്ധതി വിജയിക്കൂ.

കേന്ദ്രഗവർമ്മേണ്ട് ഈയിടെ തൊഴിലുറപ്പു പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തപ്പോൾ എത്രപേർക്ക് തൊഴിൽ നൽകിയെന്നോ എത്രപണം ചെലവാക്കിയെന്നോ വ്യക്തമാക്കാൻ കേരളത്തിന്നു കഴിഞ്ഞില്ല. കേന്ദ്രത്തിൽനിന്ന് കൂടുതൽ വിഹിതം ലഭിക്കുന്നതിന്ന് ഈ അലസത തടസ്സമാകും. ❑

ജനനീതി

ജനുവരി 2007

**117**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജന നീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ബാലാരിഷ്ടതകൾ തരണം ചെയ്യാത്ത വിവരാവകാശനിയമം

**വ**ലിയപ്രതീക്ഷയോടുകൂടി ഒരുകൊല്ലം മുമ്പ് നടപ്പാക്കിയ വിവരാവകാശനിയമത്തിന്റെ ഇന്നത്തെ സ്ഥിതി അതിദയനീയമാണെന്നു പറയേണ്ടിയിരിക്കുന്നു. ആർക്കുവേണ്ടിയണോ ഈ നിയമനിർമ്മാണം നടത്തിയത്, ആ പൊതുജനങ്ങൾക്ക് ഇതിലൊരു താല്പര്യവുമില്ലെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. മൂന്നു കോടി ജനങ്ങളുള്ള കേരളത്തിൽ, കഴിഞ്ഞ ഒരുകൊല്ലത്തിന്നിടയിൽ തങ്ങൾക്കാകെ കിട്ടിയത് 400 പരാതികളാണെന്ന് സംസ്ഥാനവിവരാവകാശ കമ്മീഷൻ പറയുന്നു. ഇതിൽനിന്നൊരാൾക്ക് എത്താൻ കഴിയുന്ന നിഗമനങ്ങൾ രണ്ടാണ്. കേരളം ഇപ്പോഴും മാവേലി നാടുവാണീടും കാലത്തെ സ്ഥിതിയിൽതന്നെയാണ് എന്നതാണ് ഒന്ന്; അതല്ലെങ്കിൽ എല്ലാം സഹിക്കാൻ തയ്യാറുള്ള അടിമകളാണ് കേരളീയർ എന്നതാണ്.

ജനാധിപത്യം പുലരണമെങ്കിൽ വകതിരിവുള്ള ഒരു ജനതയുണ്ടാവണം. ആലസ്യത്തിലാണ്ടുകിടക്കുന്ന ഒരു ജനതക്ക് ജനാധിപത്യം ഒരലങ്കാരം മാത്രമാണ്. ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ സുതാര്യവും ഭരിക്കുന്നവർ ഉത്തരവാദപ്പെട്ടവരുമാകണമെന്നതാണ് ജനാധിപത്യത്തിന്റെ മറ്റൊരു ഉപാധി. ഇത് സംഭവിക്കണമെങ്കിൽ ജനങ്ങൾ അലസതവെടിഞ്ഞ് ജാഗരൂകരാകേണ്ടതുണ്ട്.

ഏതു ഭരണകൂടവും രഹസ്യങ്ങളുടെ ഒരു നികുംഭിലയായിരിക്കും. അതിന്നകത്ത് അരുതാത്തതൊന്നും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ളതാണ് ജനപ്രതിനിധിസഭ. കാലക്രമത്തിൽ അതിന്നും അപചയം വന്നതിനാലാണ് ഭരണമേൽനോട്ടത്തിന്റെ അവകാശം ജനങ്ങളിൽതന്നെ അർപ്പിതമാക്കിയത്. ആ മേൽനോട്ടത്തിനുള്ളകരുവാണ് വിവരാവകാശ നിയമം. രാഷ്ട്രീയക്കാരുടേയും ഉദ്യോഗസ്ഥൻമാരുടേയും അഴിമതി തടയുകയും ഭര

ണരഥത്തെ നേർവഴിക്ക് ഓടിക്കുകയും ചെയ്യുന്നതിന്ന് ജനങ്ങളെ പ്രാപ്തരാക്കുന്നതാണ് ഈ നിയമം.

പക്ഷെ നിയമമുണ്ടായിട്ടെന്താണു കാര്യം? വിവരാവകാശനിയമമെടുത്തു കയ്യാളാൻ അധികാരവും ചുമതലയുമുള്ളത് പോലീസിന്നല്ല; ഉദ്യോഗസ്ഥൻമാർക്കല്ല; മന്ത്രിമാർക്കുമല്ല. ജനങ്ങൾ എടുത്തുകൈകാര്യംചെയ്യേണ്ട ഒരു നിയമമാണ് അത്. തങ്ങൾ നൽകുന്ന നികുതിപണം ദുർവ്യയംചെയ്യുന്നില്ലെന്നുറപ്പുവരുത്താൻ, ഉദ്യോഗസ്ഥൻമാർ അധികാരദുർവ്വിനിയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്താൻ, ചെയ്യേണ്ടതെല്ലാം ചെയ്യേണ്ടസമയത്ത് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജനങ്ങൾ എടുത്തുപയോഗിക്കേണ്ട ആയുധമാണ് വിവരാവകാശനിയമം. ഇത്രയും ഉഗ്രമായൊരു വജ്രായുധം കയ്യിൽ കിട്ടിയിട്ടും അതുതലയിണയാക്കി വച്ചുകിടന്നുറങ്ങുന്നവരെപ്പറ്റി എന്തുപറയാനാണ്?

കഴിഞ്ഞ ഒരുകൊല്ലത്തിന്നിടയിൽ വിവരാവകാശകമ്മീഷന്ന് കിട്ടിയ 400 പരാതികളിൽ മിക്കവയും വ്യക്തിപരമായിരുന്നുവെന്നും പൊതുസ്വഭാവമുള്ള പരാതികൾ അപൂർവ്വമായിരുന്നുവെന്നും കമ്മീഷൻ പറയുന്നുണ്ട്. അതിൽ തെറ്റൊന്നുമില്ല. പക്ഷെ സ്വാർത്ഥതാല്പര്യത്തിന്നുവേണ്ടിമാത്രമേ ഈ നിയമത്തെ ഉപയോഗപ്പെടുത്തുന്നുള്ളൂവെന്ന് ഇത് സൂചിപ്പിക്കുന്നു. ഐ.എ.എസ്സിൽനിന്ന് രാജിവച്ച് തിരഞ്ഞെടുപ്പിൽ മൽസരിച്ചുജയിച്ച ഒരാൾ തന്റെ ശമ്പളകുടിശ്ശികകാര്യം അറിയാൻ വിവരാവകാശനിയമത്തെ ഈയിടെ കരുവാക്കുകയുണ്ടായി. ഇത്തരത്തിലുള്ള വ്യക്തിപരമായ ഇടപെടലുകൾക്കപ്പുറം നാടിനുവേണ്ടിയുള്ള ഇടപെടലാണ് കൂടുതലായുണ്ടാകേണ്ടത്. അതിന്നാകട്ടെ സന്നദ്ധസംഘടനകൾ മുന്നിട്ടിറങ്ങേണ്ടതുണ്ട്. എന്തുകൊണ്ടാണ് നമ്മുടെ നാട്ടിലുള്ള ആയിരക്കണക്കിന്നു സന്നദ്ധസംഘടനകൾ വിവരാവകാശത്തിന്നെതിരെ മുഖം തിരിച്ചു നിൽക്കുന്നത്?

വിവരാവകാശനിയമം എന്നൊരുനിയമമുണ്ടെന്ന് ജനങ്ങളിൽ അധികം പേർക്കും ഇന്നും അറിയില്ല. അറിയാവുന്ന അല്പം ചിലരുണ്ടെങ്കിൽതന്നെ അവർ അലസരായിക്കഴിയുന്നു സ്വന്തം കാര്യം കുഴപ്പത്തിലാകുമ്പോഴേ മിക്കവരും ഇത്തരം കാര്യങ്ങളിൽ താല്പര്യം കാണിക്കുകയുള്ളൂ. വിവരാവകാശനിയമത്തെപ്പറ്റി ജനങ്ങളെ ഉദ്ബുദ്ധരാക്കേണ്ടതും അഴിമതിക്കെതിരെ പോരാടാൻ അവർക്ക് നേതൃത്വം നൽകേണ്ടതും സന്നദ്ധസംഘടനകളാണ്. കേരളത്തിലെ പൊതുജീവിതത്തിന്റെ തിരുകുറ്റി രാഷ്ട്രീയമാണ്; രാഷ്ട്രീയത്തിൽ കാൽകുത്താൻ മടിക്കുന്ന വലിയൊരു ജനവിഭാഗം നാനാവിധ സന്നദ്ധസംഘടനകളുടെ കീഴിൽ പ്രവർത്തനംനടത്തുന്നു. ഈ സാഹചര്യത്തിൽ പൊതുജീവിതത്തിലെ അഴിമതികൾക്കും അരുതായ്മകൾക്കും തടയിടേണ്ടത് രാഷ്ട്രീയകക്ഷികളും സന്നദ്ധസംഘടനകളുമാണെന്ന് വ്യക്തം. അവരാണ് ഈ വിവരാവകാശനിയമത്തിന്റെ നട്ടെല്ലായി പ്രവർത്തിക്കേണ്ടത്. വിവരാവകാശനിയമത്തിന്റെ പ്രസക്തിയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതും അഴിമതിയെക്കുറിച്ചും മറ്റും ജനങ്ങൾക്കിടയിൽനിന്ന് ഇയർന്നുവരുന്ന പരാതികൾക്ക് വിവരാവകാശനിയമത്തിലൂടെ പരിഹാരമുണ്ടാക്കേണ്ടതും രാഷ്ട്രീയപ്രവർത്തകരുടേയുംപൊതുപ്രവർത്തകുടേയും ചുമതലയാണ്. റേഷൻകടമുതൽ സെക്രട്ടറിയേറ്റുവരെ സകലമേഖലകളിലും അഴിമതി അഴിഞ്ഞാടുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. ഇതറിയാത്തവരും അനുഭവിക്കാത്തവരും അപൂർവ്വമായിരിക്കും. ഈ തിന്മകളിൽ 90 ശതമാനവും വിവരാവകാശനിയമത്തിലൂടെ പരിഹരിക്കാൻകഴിയുമെന്നതും ഒരു വസ്തുതയാണ്. എന്നിട്ടും രാഷ്ട്രീയ പ്രവർത്തകരും സാമൂഹ്യസേവകരും

ഇക്കാര്യത്തിൽകാണിക്കുന്ന വൈമുഖ്യം അഥവാ അലസത അത്ഭുതകരമാണ്.

കുതിരയെ വെള്ളത്തിന്റെ അടുത്തുവരെ കൊണ്ടുപോകാനേ ഒരാൾക്ക് സാധിക്കൂ; കുതിരയെക്കൊണ്ട് വെള്ളം കുടിപ്പിക്കാൻ ആർക്കും കഴിയില്ല. നിയമങ്ങളുടെ കാര്യവും അതാണ്. നമുക്ക് ഒന്നാന്തരമൊരു ഭരണഘടനയുണ്ട്. എന്നാൽ ജനങ്ങൾ ജാഗരൂകരായിരുന്നാലേ അതുകൊണ്ട് വല്ല പ്രയോജനവുമുണ്ടാകൂ. രാജ്യസ്നേഹികളുടെ നിരന്തരമായ ശ്രമങ്ങളുടെ ഫലമായി ഒട്ടേറെ നല്ല നിയമങ്ങൾ പാർലിമെന്റ് പാസാക്കിയിട്ടുണ്ട്. പക്ഷെ ജനങ്ങൾ താല്പര്യം കാണിക്കാത്തതുകൊണ്ടുമാത്രം അവ വെറും കടലാസുകളായി അവശേഷിക്കുന്നു. വിവരാവകാശനിയമം പോലെതന്നെ സാധാരണക്കാകർക്കുവേണ്ടി ഒരു ഉപഭോക്തൃനിയമം ഇരുപതുകൊല്ലംമുമ്പ് പാസാക്കി. രണ്ടോമൂന്നോ കൊല്ലക്കാലം ചില ചലനങ്ങൾ സൃഷ്ടിക്കാൻ അതിന്നുകഴിഞ്ഞു. ഇപ്പോൾ ഇങ്ങനെ ഒരുനിയമമുള്ളതായിത്തന്നെ ആരും അറിയുന്നില്ല. ഉപഭോക്തൃനിയമം നടപ്പാക്കാനായി ജില്ലതോറും കോടതികളും മറ്റും സംഘടിപ്പിച്ചിട്ടുണ്ട്. അവർവെറുതെയിരുന്നുസമയം കളയുന്നു. ഒന്നാന്തരമൊരു സ്ത്രീധന നിരോധനനിയം നാം പാസാക്കിവച്ചിട്ടുണ്ട്. പക്ഷെ എല്ലാവരും സ്ത്രീധനം വാങ്ങുകയും നൽകുകയും ചെയ്യുന്നു. അധ:സ്ഥിതരെ അധിക്ഷേപിക്കുന്നതുപോലും കഠിനശിക്ഷനൽകാവുന്ന കുറ്റമാണെങ്കിലും ഇന്ത്യയിലുടനീളം ദളിതപീഡനം നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. ഇതുപോലെ ചൂണ്ടിക്കാട്ടാവുന്ന ഉദാഹരണങ്ങൾ ഒരായിരമെങ്കിലുംവരും. ഇവിടെ ഒരു രംഗത്തും നിയമത്തിന്റെ അപര്യാപ്തതയില്ല. എന്നാൽ നിയമം നടപ്പാക്കാനുള്ള വ്യഗ്രത ഗവർമ്മേണ്ടിനോ നടപ്പാക്കിക്കണമെന്ന വാശി ജനങ്ങൾക്കോ ഇല്ലാത്തതിനാൽ നിയമങ്ങൾ ഒരുപിടി പണക്കാർക്കുമാത്രം ഉപയോഗപ്പെടുത്താവുന്ന ആയുധങ്ങളായിമാറുന്നു. ജനാധിപത്യം പുലരണമെങ്കിൽ നിയമവാഴ്ചക്ക് ഉറപ്പുവരുത്തണം. ജനാധിപത്യം വേണമെന്നത് പണക്കാരുടെ ആവശ്യമല്ല, പാവങ്ങളുടെ ആവശ്യമാണ്. ജനാധിപത്യമില്ലെങ്കിലും നിയമമില്ലെങ്കിലും പണക്കാർ അവരുടെ കാര്യം നേടും. പാവങ്ങൾക്കാകട്ടെ, നിയമവും ജനാധിപത്യവുമുണ്ടെങ്കിലേ നിലനിൽക്കാൻപോലും കഴിയൂ. അതിനാൽ നിയമങ്ങൾ നടപ്പാക്കുമെന്ന് ഉറപ്പുവരുത്തേണ്ടഭാരം പാവങ്ങൾക്കാണ്; പാവങ്ങളുടെ പ്രതിനിധികൾക്കാണ്.

കേരളത്തെപ്പോലെ സാക്ഷരതയുള്ള, ഉദ്ബുദ്ധമായ, ഒരു സംസ്ഥാനത്തിൽ വിവരാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുമെന്നാണ് ഒരാൾ പ്രതീക്ഷിക്കുക. നിർഭാഗ്യവശാൽ അനുഭവം മറിച്ചാണ്. ഇന്ത്യയിൽ വിവരാവകാശനിയമം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നത് താരതമ്യേന പിന്നണിയിൽ കിടക്കുന്ന രാജസ്ഥാനിലാണ്. എന്താണിതിന്നുകാരണം? രാഷ്ട്രീയക്കാരുടെ തണലിൽ വളർന്ന് ആളാകണമെന്ന് ആഗ്രഹിക്കാത്ത ഒട്ടേറെ പൊതുപ്രവർത്തകർ അവിടെ ഉണ്ടെന്നതും അവർ ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹാരം കാണാൻ സഹായിക്കുന്നുവെന്നതുമാണിതിന്നുകാരണം. വിവരാവകാശനിയമത്തിന്റെ കാര്യത്തിൽ മാത്രമല്ല, പരിസ്ഥിതി സംരക്ഷണം, മഴവെള്ള സംഭരണം, ഹരിതവൽക്കരണം തുടങ്ങിയ ജനങ്ങളുടെ ജീവൻമരണപ്രശ്നങ്ങളിലെല്ലാം ഇടപെടാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും അവിടത്തെ സന്നദ്ധപ്രവർത്തകർക്കു കഴിയുന്നു. എന്തുകൊണ്ട് കേരളത്തിൽ അത് സാധിക്കുന്നില്ല? കക്ഷിരാഷ്ട്രീയത്തിന്റെ മോഹവലയത്തിൽ പെടാത്ത പൊതുപ്രവർത്തകരെല്ലാം ചിന്തിക്കേണ്ട കാര്യമാണിത്. ❑

കവർസ്റ്റോറി

# അംബേദ്കറുടെ നാട്ടിൽ ദളിതന്ന് ഇന്നും രക്ഷയില്ല!

ഒരു ദളിതന്റെ കുടുംബത്തിലെ, നാലംഗങ്ങളെ, പേപ്പട്ടിയെ തല്ലിക്കൊല്ലുന്നതുപോലെ, കൊന്നു വലിച്ചെറിഞ്ഞിട്ടിപ്പോൾ മാസം മൂന്നുകഴിഞ്ഞു. എന്നിട്ടോ? എന്നിട്ടൊന്നുമില്ല. സ്വാതന്ത്ര്യം നേടി അറുപതുകൊല്ലമായ ഇന്ത്യയിൽ ദളിതന്ന് മനുഷ്യാവകാശമെന്നല്ല മൃഗാവകാശം പോലും നിഷേധിക്കപ്പെടുന്നു. ഒരു ദളിതന്റെ നേരെ തുറിച്ചുനോക്കുന്നതുപോലും കഠിനശിക്ഷവിധിക്കാവുന്ന കുറ്റമാക്കിക്കൊണ്ടൊരു നിയമം പാർലിമെന്റ് 1989 ൽ പാസാക്കിയെങ്കിലും, ദളിതരെ തല്ലിക്കൊല്ലുന്നവർക്കുപോലും ഇവിടെ പേടിക്കാനൊന്നുമില്ല! കാരണം നിയമം നടപ്പാക്കേണ്ടവർ ദളിതു വിരുദ്ധരാണ് — പോലീസും രാഷ്ട്രീയക്കാരും കോടതികളും ഇക്കാര്യത്തിൽ ഒറ്റക്കെട്ടാണ്.

ദളിതരുടെ കാണപ്പെട്ട ദൈവമായ ഡോ: അംബേദ്കറുടെ നാടായ മഹാരാഷ്ട്രത്തിലാണ് അതിഹീനമായ കൊലപാതകം നടന്നത്. നാഗപ്പൂരിനടുത്ത് ഖൈർലഞ്ജി എന്നൊരു ഗ്രാമമുണ്ട്. ഏതാണ്ട് നൂറ്റമ്പതോളം കുടുംബങ്ങളാണ് ഈ ഗ്രാമത്തിലുള്ളത് മിക്കവരും "മറ്റു പിന്നോക്കജാതി" (OBC) വിഭാഗത്തിൽ പ്പെട്ടവരാണ്. ഇവർക്കിടയിൽ മൂന്നു ദളിത് കുടുംബങ്ങളുണ്ട്. അതിലൊരു കുടുംബമാണ് "പിന്നോക്കജാതി"ക്കാരുടെ അരിശത്തിന്നു പാത്രമായത്.

ഇതിന്നൊരു പശ്ചാത്തലമുണ്ട്. ഭയ്യലാൽ(48) എന്ന ദളിതന്റെ കുടുംബത്തിൽ ഭാര്യ സുരേഖ (40) മകൾ പ്രിയങ്ക(17) പുത്രൻമാരായ റോഷൻ (19) സുധീർ (21) എന്നിവരാണുള്ളത്. മക്കൾ മൂന്നുപേരും പഠിക്കാൻ മിടുക്കരാണ്



ഭയ്യലാൽ

അതിൽ പിന്നോക്ക ജാതിക്കാർക്ക് കടുത്ത അസഹിഷ്ണുതയുണ്ട്

ഭയ്യലാലിന്ന് അഞ്ചേക്കർ കൃഷിഭൂമിയുണ്ടെങ്കിലും സ്വന്തമായി പുരയിടമില്ല. ഒരിടത്ത് ഒരു കുടിൽ വച്ചുകെട്ടിയാണ് അവർ ജീവിക്കുന്നത്. സുരേഖയുടെ ഒരു ബന്ധുവായ സിദ്ധാർത്ഥൻ സമീപ ഗ്രാമമായ ദൂസാലയിൽ താമസിക്കുന്നുണ്ട്. ഒരു പോലീസുകാരനായ ഇയാൾ ഭയ്യാലാലിന് അത്യാവശ്യ സഹായങ്ങൾ നൽകാറുണ്ടായിരുന്നു. പിന്നോക്കജാതിക്കാർക്ക് അതിൽ അരിശമുണ്ടായിരുന്നു. സെപ്തമ്പർ മൂന്നാം തിയ്യതി സിദ്ധാർത്ഥനെ പിന്നോക്ക ജാതിയിൽപെട്ട ചിലർ മർദ്ദിച്ചു; സിദ്ധാർത്ഥന് ആസ്പത്രിയിൽ ചികിത്സ തേടേണ്ടിവന്നു. ഈ കയ്യേറ്റത്തിന്നു ഭയ്യാലാലിന്റെ കുടുംബാംഗങ്ങൾ ദൃക്സാക്ഷികളായിരുന്നു. അവർ പോലീസിൽ വിവരം നൽകുകയും ചെയ്തു. പിന്നോക്കജാതിക്കാരെ ഇത് ക്ഷോഭിപ്പിച്ചു.

സിദ്ധാർത്ഥനെ ആക്രമിച്ച സംഭവം സംബന്ധിച്ച് കേസെടുത്തിരുന്ന പോലീസ് സെപ്തംബർ 29 ന് പിന്നോക്കജാതിക്കാരായ 12 പേരെ അറസ്റ്റ്ചെയ്തു. ഇത് വെറുമൊരു അടിപിടികേസാകയാൽ അപ്പോൾതന്നെ എല്ലാവരേയും ജാമ്യത്തിൽ വിട്ടു. പോലീസ് സ്റ്റേഷനിൽനിന്ന് പുറത്തിറങ്ങിയവർ നേരെ സിദ്ധാർത്ഥന്റെ വീട്ടിലേക്കാണ് പോയത്. അയാളെ കണ്ടുകിട്ടാതെ മടങ്ങിയവർ ആ അരിശംമുഴുവൻ ഭയ്യാലാലിന്റെ നേരെ തിരിച്ചുവിട്ടു.

ഭയ്യാലാൽ പാടത്തെ പണി നിർത്തി വരുമ്പോഴാണ് പിന്നോക്കജാതിക്കാർ തന്റെ വീടിന്റെനേരെ ആക്രമണം നടത്തുന്നത് കണ്ടത്. പേടിച്ചരണ്ട ഭയ്യാൽ ഒരിടത്ത് ഒളിച്ചു. പിന്നീട് സഹായം തേടി ഓടി.

പിന്നോക്കജാതിക്കാരാകട്ടെ ഭയ്യാലാലിന്റെ ഭാര്യയേയും മക്കളേയും പിടികൂടി നഗ്നരാക്കി അരകിലോമീറ്റർദൂരെയുള്ള ഗ്രാമചന്തയിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോയി. പിന്നെ എന്തുണ്ടായി എന്നത് വിവരിക്കാനാവില്ല. അതത്ര ഭീകരവും കിരാതവുമായിരുന്നു. സ്ത്രീകളെ ബലാത്സംഗം ചെയ്തു. നാലുപേരുടേയും കാലും കയ്യും തല്ലിയൊടിച്ചു. തലക്കടിച്ചുകൊന്നു. മൃതദേഹങ്ങൾ ഒരു കാളവണ്ടിയിൽ കയറ്റി രണ്ടുകിലോമീറ്റർ ദൂരെയുള്ള ഒരു കനാലിൽ വലിച്ചെറിഞ്ഞു.

ഭയ്യാലാലിന്റെ വീടിനുനേരെ ആക്രമണം നടന്നപ്പോൾതന്നെ പോലീസിൽ വിവരമറിയിച്ചിരുന്നു. ഒരുപോലീസുകാരൻ സ്ഥലത്തെത്തുകയുംചെയ്തു. പക്ഷെ നേരം സന്ധ്യയായെന്നുപറഞ്ഞ് അയാൾ വന്നതുപോലെ മടങ്ങി. സംഭവം കഴിഞ്ഞ് 24 മണിക്കൂർ കഴിഞ്ഞാണ് പോലീസ് സ്റ്റേഷനിൽ പ്രഥമ വിവരറിപ്പോർട്ട് രജിസ്റ്റർ ചെയ്തത്.

പ്രിയങ്കയുടെ മൃതദേഹം പിറ്റേദിവസം കണ്ടെത്തിയെങ്കിലും മറ്റുമൂന്നു മൃതദേഹങ്ങൾ ഒക്ടോബർ ഒന്നാം തിയ്യതിയാണ് കണ്ടെടുത്തത്. മൃതദേഹങ്ങളിൽ പരിക്കേൽക്കാത്ത ഒരിഞ്ച് സ്ഥലംപോലും അവശേഷിച്ചിട്ടില്ലെങ്കിലും പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ അതൊന്നുമില്ല. (പോസ്റ്റ്മാർട്ടം നടത്തിയ ഡോക്ടർമാരിൽ ഒരാളെ പിന്നീട് ഡിസ്മിസ് ചെയ്തു; ഇതരനെ സസ്പെന്റ് ചെയ്തിട്ടുമുണ്ട്. യഥാസമയം നടപടിയെടുക്കാതിരുന്നതിന്ന് നാലുപോലീസുകാരേയും ഗവർമ്മേണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്.)

അക്രമികൾക്കെതിരെ നടപടിയെടുക്കാത്തതിൽ പ്രതിഷേധിച്ച് മഹാരാഷ്ട്രത്തിന്റെ നാനാഭാഗങ്ങളിലും ദളിതുകൾ പ്രതിഷേധപ്രകടനങ്ങൾ നട്ത്തിയതിനെ തുടർന്ന് ഗവർമ്മേണ്ടിന്ന് അനക്കം വച്ചു. ഈ കേസ് സംബന്ധിച്ച് 44 പേരെ അറസ്റ്റ് ചെയ്തു. പക്ഷേ അക്രമത്തിന്ന് നേതൃത്വം നൽകിയവരെ ഒഴിവാക്കികൊണ്ടാണ് അറസ്റ്റ് നടന്നത്. തന്റെ വീടിനു നേരെ നടക്കുന്ന ആക്രമണത്തിന്ന് ഭയ്യാലാൽ ദൃക്സാക്ഷിയാണ്. അക്രമികൾ ആരെല്ലാമായിരുന്നുവെന്ന് ഭയ്യാലാൽ മൊഴികൊടുത്തിട്ടുമുണ്ട്. എന്നാൽ ഭയ്യാലാൽ ചൂണ്ടിക്കാണിച്ചവരിൽ മിക്കവരേയും ഒഴിവാക്കിക്കൊണ്ടാണ് അറസ്റ്റ് നടന്നിരിക്കുന്നത്.

ഭയ്യാലാലിന് നഷ്ടപരിഹാരവും സർക്കാർ ജോലിയും നൽകാമെന്ന് ഗവർമ്മേണ്ട് പറഞ്ഞുവെങ്കിലും അതു സ്വീകരിക്കാൻ അദ്ദേഹം വിസമ്മതിച്ചിരിക്കുകയാണ്. തനിക്ക് പണം വേണ്ടെന്നും അക്രമികളെ തൂക്കിലേറ്റിയാൽ മതിയെന്നും അദ്ദേഹം അറിയിച്ചിട്ടുണ്ട്.

ഇതൊരു നക്സൽകേസാക്കിമാറ്റാൻ ഗവർമ്മേണ്ട് ബോധപൂർവ്വം ശ്രമിക്കുന്നുണ്ട്. കൂട്ടക്കൊലക്കെതിരായ പ്രതിഷേധ പ്രകടനങ്ങൾക്ക് പിന്നിൽ നക്സലുകളാണെന്ന് മഹാരാഷ്ട്രാ ആഭ്യന്തരമന്ത്രി ആർ. ആർ. പാട്ടീൽ പ്രസ്താവിച്ചതിൽനിന്നും ഈ കേസ് വഴിതിരിച്ചുവിടാനാണ് ശ്രമമെന്ന് വ്യക്തമാകുന്നു.

➷പേജ് 8

# ക്രമസമാധാനപാലനത്തിൽ ജനകീയ പങ്കാളിത്തത്തിന്ന്

**പു**തിയൊരു പോലീസ് ആക്ടിന്റെ കരടുരൂപം തയ്യാറാക്കാനായി ഡോ: സോളി സൊറാബ്ജി ചെയർമാനായി നിയോഗിക്കപ്പെട്ടിരുന്ന കമ്മിറ്റി ഒക്ടോബർ 30 ന് അവരുടെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. മനുഷ്യാവകാശങ്ങളെ മാനിക്കുന്നതും സംരക്ഷിക്കുന്നതുമായ, കാര്യക്ഷമവും ഫലപ്രദവും ജനസൗഹൃദാത്മകവുമായ, ഒരു പോലീസ് സേനക്ക് രൂപം നൽകാനുതകുന്ന നിർദ്ദേശങ്ങളാണ് കമ്മിറ്റിയുടെ റിപ്പോർട്ടിലുള്ളത്. പതിനാറധ്യായങ്ങളായി തിരിച്ചിട്ടുള്ള റിപ്പോർട്ടിൽ ഒരധ്യായം ഗ്രാമീണ പോലിസിങ്ങിനെ കുറിച്ചുള്ളതാണ്. അതിലെ പ്രധാന നിർദ്ദേശങ്ങൾ -

ഓരോ ഗ്രാമീണ പോലീസ് സ്റ്റേഷനും സ്വയം പര്യാപ്തമാകണം. കമ്യൂണിക്കേഷൻ -ട്രാൻസ്പോർട്ട് സൗകര്യങ്ങളും പോലീസ് ക്വാർട്ടേഴ്സും ഉണ്ടാകണം. ശാസ്ത്രീയമായ കേസന്വേഷണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

ഓരോ ഗ്രാമത്തിലും ഓരോ വില്ലേജ് ഗാർഡിനെ നിയോഗിക്കണം. ഗ്രാമത്തിൽ സ്ഥിരതാമസക്കാരും കായികശേഷിയുള്ളവരും ചീത്തപ്പേരൊന്നും സമ്പാദിക്കാത്തവരുമായ, 60 വയസ്സിൽ താഴെ പ്രായമുള്ള ഒരാളായിരിക്കണം വില്ലേജ് ഗാർഡ്. ഡി. എസ്.പി. യാണ് ഇയാളെ തിരഞ്ഞെടുത്ത് നിയോഗിക്കേണ്ടത്. ചുരുങ്ങിയത് മൂന്നു കൊല്ലവും പരമാവധി ഒമ്പതുകൊല്ലവുമായിരിക്കും സേവന കാലാവധി. ഹോം ഗാർഡുകൾക്ക് നൽകുന്നതിൽ കുറയാത്ത ഒരു തുക ഇവർക്ക് ഓണറേറിയമായി നൽകും.

ഗ്രാമത്തിൽ സംഭവിക്കുന്ന കുറ്റകൃത്യങ്ങളെപ്പറ്റി കഴിയും വേഗം പോലീസ് സ്റ്റേഷനിൽ വിവരം നൽകുക, കുറ്റകൃത്യങ്ങൾ തടയുന്നതിന്ന് ജാഗ്രതപാലിക്കുക, സംശയകരമായ എന്തെങ്കിലും ശ്രദ്ധയിൽ പെട്ടാൽ പോലീസിൽ വിവരം അറിയിക്കുക കുറ്റകൃത്യങ്ങളുണ്ടായ സ്ഥലത്ത് അന്യർ പ്രവേശിക്കുന്നത് തടയുക എന്നിവയായിരിക്കും വില്ലേജ് ഗാർഡിന്റെ പ്രധാന ചുമതലകൾ.

പോലീസ് സൂപ്രണ്ട് ന്ശ്ചയിക്കുന്ന തരത്തിൽ രേഖകൾ സൂക്ഷിക്കുക, പരാതികൾ രേഖപ്പെടുത്തുക, നിശ്ചിത ദിവസങ്ങളിൽ പോലീസ് സ്റ്റേഷനിൽ പോയി ക്രമസമാധാനകാര്യങ്ങളെക്കു ⇨

## *അംബേദ്കറുടെ നാട്ടിൽ......*

ജ: ബി.ജി. കോൽസെ പട്ടീലിന്റെ നേതൃത്വത്തിലുള്ള പൗരപ്രമുഖരടങ്ങിയ ഒരു സംഘം ഖൈർലഞ്ജി സംഭവത്തെകുറിച്ച് ഒരു അന്വേഷണം നടത്തുകയുണ്ടായി. ഉന്നത തലങ്ങളിൽ നിന്നുള്ള സമ്മർദ്ദം മൂലം പോലീസിന്റെ അന്വേഷണത്തിന്റെ ഗതിതന്നെ മാറാനിടയുണ്ടെന്ന് ജ: കോൽസെ പറയുകയുണ്ടായി. കേസ് കരതലമലകം പോലെ വ്യക്തമായിരുന്നിട്ടും പകൽ നടന്നകൂട്ടക്കൊലക്ക് ദൃക്സാക്ഷികൾ പലതുണ്ടായിട്ടും കേസ് സി.ബി. ഐ.ക്കു കൈമാറിയതിന്റെ ഉദ്ദേശം ഇതെങ്ങുമെത്താതെ കലാശിപ്പിക്കണമെന്നതാണെന്നുതോന്നുന്നു. ❑

റിച്ച് കൂടിയാലോചിക്കുക എന്നിവയും ചുമതലയിൽ പെടും.

എക്സ് സർവ്വീസുകാരെപ്പോലെയുള്ളവർക്ക് ഏറ്റെടുക്കാവുന്ന ജോലിയാണിത്.

ഓരോ ഗ്രാമത്തിലും മാന്യരായ പത്തോ പതിനഞ്ചോപേരെ ഉൾപ്പെടുത്തി വില്ലേജ് ഡിഫൻസ് പാർട്ടി രൂപീകരിക്കണമെന്നതാണ് മറ്റൊരു നിർദ്ദേശം. പട്രോളിങ് നടത്തുക, കുറ്റകൃത്യങ്ങൾ തടയാൻ സഹായിക്കുന്ന നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഇവരുടെ മുഖ്യ ജോലി. ഗ്രാമത്തിലെ എല്ലാ വിഭാഗക്കാരേയും പ്രതിനിധീകരിക്കുന്ന വിധത്തിൽ പോലീസ് സൂപ്രണ്ടാണ് ഈ ഡിഫൻസ്പാർട്ടി സംഘടിപ്പിക്കേണ്ടത്. ഇവർ വില്ലേജ് ഗാർഡുമായി സഹകരിച്ചു പ്രവർത്തിക്കണം.

ഡിഫൻസ് പാർട്ടിയിലെ അംഗത്വം മൂന്നു കൊല്ലത്തേക്കായിരിക്കും എന്നാൽ മൂന്നിലൊരുഭാഗം അംഗങ്ങളെ കൊല്ലം തോറും പുതുതായി റിക്രൂട്ട് ചെയ്യും.

ഡിഫൻസ്പാർട്ടിയിലെ സേവനം സന്നദ്ധസേവനമായിരിക്കുമെങ്കിലും അത്യാവശ്യ ചെലവുകൾക്കുള്ള പണം പോലീസ് സ്റ്റേഷനിൽ നിന്ന് നൽകുന്നതാണ്. അംഗങ്ങൾക്ക് പരിശീലനം നൽകും; അവരെ തിരിച്ചറിയാൻ ബാഡ്ജും നൽകും.

ഓരോ പോലീസ് സ്റ്റേഷനോടനുബന്ധിച്ചും കമ്യൂണിറ്റി ലെയ്സൻ ഗ്രൂപ്പ് സംഘടിപ്പിക്കണമെന്നതാണ് മറ്റൊരു പ്രധാന നിർദ്ദേശം. പോലീസ് സ്റ്റേഷന്റെ പരിധിയിൽ ജീവിക്കുന്നവരും മാന്യരും ആർജ്ജവബുദ്ധിയുള്ളവരുമാകണം ഇതിലെ അംഗങ്ങൾ. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർ വിദ്യാലയമേധാവിമാർ, തുടങ്ങിയവരാകണം ഇവർ. പോലീസിന്റെ പ്രവർത്തനം സംബന്ധിച്ച് ഉപദേശം നൽകലായിരിക്കും ഇവരുടെജോലി. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും, സ്ത്രീകൾക്കും ഇതിൽ അംഗത്വം നൽകണം. പോലീസ് സ്റ്റേഷന്റെ പരിധിയിൽ പെട്ട ഓരോ പഞ്ചായത്തിന്നും രണ്ടു പ്രതിനിധികളെ ഇതിലേക്ക് നോമിനേറ്റ് ചെയ്യാം. കോടതിയിൽ ശിക്ഷിക്കപ്പെട്ടവരോ ക്രിമിനൽ കേസിൽ പ്രതികളായവരോ അഴിമതിക്കോ അത്തരം തെറ്റുകൾക്കോ ജോലിയിൽ നിന്ന് പുറത്താക്കപ്പെട്ടവരോ ഇതിൽ അംഗമായി നിയോഗിക്കപ്പെടാൻ പാടില്ല. അതുപോലത്തന്നെ രാഷ്ട്രീയകക്ഷികളിൽപെട്ടവരോ രാഷ്ട്രീയകക്ഷികളുടെ അനുബന്ധ സംഘടനകളിൽപെട്ടവരോ അംഗമായിക്കൂടാ. എന്നാൽ പഞ്ചായത്തുകൾക്ക് രാഷ്ട്രീയ പ്രവർത്തകരെ നോമിനേറ്റ് ചെയ്യാം.

ഒരു പോലീസ് സ്റ്റേഷന്റെ കീഴിലുള്ള പോലീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക, പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുക എന്നിവയായിരിക്കും ഈ ലെയ്സൻ ഗ്രൂപ്പിന്റെ പ്രധാന ചുമതലകൾ. മൂന്നുമാസത്തിലൊരിക്കലെങ്കിലും ഇവർ സമ്മേളിച്ചിരിക്കണം. സബ് ഡിവിഷനൽ മജിസ്രേട്ട്, സബ് ഡിവിഷനൽ പോലീസ് ഓഫീസർ, സബ്ബിൻസ്പെക്ടർ സർക്കിൾ ഇൻസ്പെക്ടർ എന്നിവർ ഈ യോഗങ്ങളിൽ പങ്കെടുക്കണം. താല്പര്യമുള്ള പൊതുജനങ്ങൾക്കും യോഗത്തിൽ പങ്കെടുക്കാൻ അനുമതി നൽകണം.

പ്രധാനമായും ഉത്തരേന്ത്യൻ ഗ്രാമങ്ങളെ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ് സോറാബ്ജി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ. മറ്റുസസ്ഥാനങ്ങളിലെപ്പോലെ ഒറ്റപ്പെട്ടും വേർതിരിഞ്ഞും കിടക്കുന്ന ഗ്രാമങ്ങൾ കേരളത്തിലില്ലാത്തതിനാൽ, സോറാബ്ജി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുമ്പോൾ ചില ഭേദഗതികൾ ആവശ്യമായി വരും.

❑

# ഇന്ത്യാ സോഷ്യൽ ഫോറം ജനാധികാരത്തിന്ന്

ഗവർമ്മേണ്ടുകളെ ജനങ്ങളോട് ഉത്തരവാദപ്പെട്ടവരാക്കണമെന്നും അവഗണിതജനവിഭാഗങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടണമെന്നും നവംബർ രണ്ടാം വാരത്തിൽ ദൽഹിയിൽ ചേർന്ന ഇന്ത്യൻ സോഷ്യൽ ഫോറം ആഹ്വാനം ചെയ്തു. "പ്രത്യേക സാമ്പത്തികമേഖല" എന്ന സർക്കാരിന്റെ പുതിയ പരിപാടിക്കെതിരായാണ് അഞ്ചുദിവസം നീണ്ടുനിന്ന സമ്മേളനത്തിൽ ഏറ്റവുമധികം ശബ്ദമുയർന്നത്.

കൃഷിയെ ആശ്രയിച്ചു ജീവിക്കുന്ന ആയിരക്കണക്കിന്ന് ആളുകളെ വഴിയാധാരമാക്കുന്ന "പ്രത്യേക സാമ്പത്തികമേഖല" കളെ എതിർക്കാൻ എല്ലാവരും ഒന്നിച്ചണിനിരക്കണമെന്ന് പ്രസിദ്ധ സാമൂഹ്യപ്രവർത്തകയായ അരുണ റോയ് സമാപന സമ്മേളനത്തിൽ ആഹ്വാനം ചെയ്തു. നമ്മുടെ അവകാശങ്ങൾക്കുവേണ്ടി നമുക്ക് പോരാടണം. അതുപലവിധത്തിലാകാം. സംഗീതമാകാം; സംസ്കാരമാകാം; തെരുവിലെ പ്രകടനമാകാം; ജനാധിപത്യത്തെ നശിപ്പിക്കാൻ ഇറങ്ങിപുറപ്പെട്ടിട്ടുള്ള ഗവർമ്മേണ്ടിനെ നാം എതിർക്കേണ്ടതുണ്ട് എന്നവർ പറഞ്ഞു.



സോഷ്യൽ ഫോറത്തിൽ മേധാപട്കറും അരുണ റോയിയും

ഇന്നാട് ഒരുപിടി രാഷ്ട്രീയക്കാരുടേയോ ഉദ്യോഗസ്ഥ പ്രമാണിമാരുടേയോ സ്വകാര്യ സ്വത്തൊന്നുമല്ല. ഇതു ജനങ്ങളുടെ നാടാണ്. ഈ ലോകമെന്നു പറയുന്നത് ബുഷിന്റേയോ ബ്ലയറിന്റേയോ അല്ല. നമ്മളിവിടെ കൂടിയിരിക്കുന്നത് എരക്കാനുമല്ല; നമ്മുടേതായത് സ്വന്തമാക്കാനാണ് എന്നവർ പറഞ്ഞു.

ഗവർമ്മേണ്ടിന്റെ നിരുത്തരവാദപരവും സമൂഹവിരുദ്ധവുമായ നടപടികളെ തുറന്നുകാട്ടാൻ വിവരാവകാശനിയമത്തെ കരുവാക്കണമെന്ന് അരുണ റോയ് ആവശ്യപ്പെട്ടു. സർക്കാർ കാര്യങ്ങൾ പുറത്തറിയുന്നതിൽ പരിഭ്രാന്തരായ ഉദ്യോഗസ്ഥരാണ് വിവരാവകാശനിയമം ഭേദഗതിചെയ്യാൻ സമ്മർദ്ദം ചെലുത്തിവരുന്നതെന്ന് അവർ വെളിപ്പെടുത്തി.

പ്രത്യേക സാമ്പത്തികമേഖലകളെ ചെറുക്കാനും പാവങ്ങൾക്കും കുടിയിറക്കപ്പെടുന്നവർക്കും അനുകൂലമായ നയരൂപീകരണത്തിന്നായി യത്നിക്കാനും പ്രതിജ്ഞ ചെയ്തുകൊണ്ടാണ് സമ്മേളനത്തിൽ പങ്കെടുത്തവർ സ്ഥലം വിടുന്നതെന്ന് അവർ പറഞ്ഞു. എന്തൊക്കെയായലും ഈ രാഷ്ട്രീയക്കാർക്ക് വോട്ടും തേടി നമ്മെ സമീപിക്കേണ്ടിവരും; അവരുടെ ദുഷ്പ്രവർത്തികൾക്ക് മറുപടി നൽകാൻ പറ്റിയ സമയം അതായിരിക്കും എന്നും അരുണ റോയ് ഓർമ്മിപ്പിച്ചു. ❑

# അധ:സ്ഥിതവർഗ്ഗക്കാർക്ക് നിയമം കാഴ്ചപ്പണ്ടം

വല്ലഭന്ന് പുല്ലും ആയുധം എന്നൊരു ചൊല്ലുണ്ട്. ഇതു മറ്റൊരു തരത്തിലും പറയാം. വല്ലഭനല്ലെങ്കിൽ ബ്രഹ്മാസ്ത്രം കൊണ്ടും പ്രയോജന മൊന്നുമില്ല എന്നാണതിന്റെ ശരിയായ വ്യാഖ്യാനം. പാർലിമെന്റ് ഒരുപാട് "നല്ല" നിയമങ്ങൾ പാസാക്കിയിട്ടുണ്ടെ ങ്കിലും, പാവങ്ങൾക്ക് -പ്രത്യേകിച്ച് ദളി തർക്ക് - അതുകൊണ്ട് വലിയ പ്രയോ ജനമൊന്നുമുണ്ടായിട്ടില്ല. ഇതിലെ ഏറ്റവും പുതിയ അനുഭവമാണ് കർണ്ണാടകത്തിലെ കാഡ്കോൽ ഗ്രാമ ത്തിൽ ദളിതുകൾക്കെതിരായി നടന്നു വരുന്ന ബഹിഷ്ക്കരണം.

വടക്കൻ കർണ്ണാടകത്തിൽ മഹാരാഷ്ട്ര അതിർത്തിക്കടുത്തു കിട ക്കുന്ന ബിജാപ്പൂർ ജില്ലയിലെ ഒരു ഗ്രാമ മാണ് കാഡ്കോൽ. എൺപതോളം ദളിതകുടുംബങ്ങൾ ഈ ഗ്രാമത്തിലു ണ്ട്. ഗ്രാമത്തിന്ന് പൊതുവായി ഒരു കുളമുണ്ട്. പക്ഷെ ദളിതുകൾ തൊട്ട് അശുദ്ധമാക്കാൻ പാടില്ലെന്നാണ് സവർണ്ണരുടെ വാദം. ഈയിടെ ദളി തുകൾ അതിൽനിന്ന് വെള്ളമെടുത്ത തിനെത്തുടർന്ന് സവർണ്ണർ ദളിതു കൾക്കെതിരായി സാമ്പത്തികോപ രോധം ഏർപ്പെടുത്തിയിരിക്കുകയാണ്.

ദളിതുകളിലധികവും കർഷകതൊഴി ലാളികളാണ്. അതുകൊണ്ട് അവർക്കി പ്പോൾ ജന്മിമാർ പണി നിഷേധിക്കുന്നു. റേഷൻ കടകളിൽനിന്ന് സാധനങ്ങൾ നിഷേധിക്കുന്നു. സവർണ്ണർ അവരുടെ കന്നുകാലികളെ തേച്ചുകഴുകാനാണ് കുളം ഇപ്പോൾ ഉപയോഗിക്കുന്നത്. അവരുടെ തുണികൾ അലക്കുന്നതും കുളത്തിൽത്തന്നെ.

ദളിതുകൾക്കെതിരെ അതിക്രമം കാണിക്കുന്നത് ശിക്ഷാർഹമാക്കി ക്കൊണ്ട് 1989 ൽ തന്നെ പാർലിമെന്റ് നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ഭക്ഷ്യയോഗ്യമല്ലാത്ത സാധനങ്ങൾ ഭക്ഷിക്കാൻ നിർബ്ബന്ധിക്കുക, ജലം മലിനമാക്കുക, ഭൂമി തട്ടിപ്പറിക്കുക, മാന ഭംഗപ്പെടുത്തുക, പൊതുസ്ഥലത്ത് പ്രവേശനം നിഷേധിക്കുക എന്നിവ യെല്ലാം ജാമ്യമില്ലാത്ത കുറ്റങ്ങളാണ്. കുറഞ്ഞത് ആറുമാസത്തെ തടവും അനുയോജ്യമായ നഷ്ടപരിഹാരവു മാണ് ഇത്തരം കുറ്റങ്ങൾക്കുള്ള ശിക്ഷ. ചീത്തപറയുക, ഭീഷണിപ്പെടുത്തുക, എന്നിവപോലുള്ള കുറ്റങ്ങൾ ചെയ്താൽ കുറഞ്ഞത് 25,000 ക. നഷ്ട പരിഹാരം നൽകാൻ വിധിക്കാം. മാന ഭംഗക്കേസിലെ പ്രതിക്ക് 50,000 ക. പിഴ വിധിക്കാം. കുടിനീർ മലിനമാക്കിയാലും ഒരു ലക്ഷം ക. പിഴ ഈടാക്കാം. കൊലപാതകമോ അംഗഭംഗപ്പെടു ത്തലോ നടന്നാൽ ഒരു ലക്ഷവും, ആക്ര മിക്കപ്പെട്ടാൽ ഗൃഹനാഥനാണെങ്കിൽ രണ്ടു ലക്ഷം രൂപയും നഷ്ടപരിഹാരം വിധിക്കാം.

നിയമം ഇങ്ങനെയെല്ലാമാണെങ്കിലും നിയമം നടപ്പാക്കാൻ ആരും മുതിരാറി ല്ല. കാരണം, നിയമം നടപ്പാക്കേണ്ടവ രിൽ 99 ശതമാനവും സവർണ്ണരാണെ ന്നതുതന്നെ. കാഡ്കോലിൽ പൊതു കുളത്തിൽ പ്രവേശനം നിഷേധി ച്ചതിന്നോ ജലം മലിനമാക്കിയതിന്നോ ആരെയെങ്കിലും അറസ്റ്റ്ചെയ്യുക പോലും ഉണ്ടായിട്ടില്ല. ദളിതുകൾ പ്രതി ഷേധ പ്രകടനങ്ങളും മറ്റും നടത്തിയ ങ്കിലും, ആരും "പരാതിപ്പെട്ടിട്ടില്ലെ" ന്നാണ് പോലീസ് പറയുന്നത്.

കർണ്ണാടകത്തിൽ ദളിതുകൾക്കെതി രായ അതിക്രമങ്ങൾ വർധിച്ചുവരികയാ ണ്. 2002 ൽ ആകെ 1232 കേസുകൾ

പേജ് 12

# സഹിക്കാൻ വയ്യാതായാൽ ദളിതനും തിരിഞ്ഞടിക്കും

**- കല്പന ശർമ്മ -**

മഹാരാഷ്ട്രത്തിൽ നവംബർ 30 ന്ന് ദളിതർ നടത്തിയ പ്രതിഷേധ പ്രകടനം അപ്രതീക്ഷിതമായൊരു പൊട്ടിത്തെറിയായി മാറിയതെന്തുകൊണ്ടാണ്? ദളിതുകൾക്കിടയിൽ പൊതുവേയും അംബേദ്കറുടെ അനുയായികൾക്കിടയിൽ പ്രത്യേകിച്ചും സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അറിവില്ലാത്തവർക്ക് ഈ പൊട്ടിത്തെറി ഒരു ഇടിത്തീ വീണതുപോലെ തോന്നിയെന്നുവരും. എന്നാൽ ഇതെല്ലാം സംഭവിക്കാൻ പോകുന്നതിന്റെ ലക്ഷണങ്ങൾ അന്തരീക്ഷത്തിൽ തങ്ങിനിന്നിരുന്നു സെപ്തംമ്പർ 29 ന്ന് നാഗപ്പൂരിന്നടുത്ത ഖയർലഞ്ജി ഗ്രാമത്തിൽ നാലു ദളിതരെ തല്ലിക്കൊന്ന സംഭവവും തുടർന്നുണ്ടായ സംഭവവികാസങ്ങളും ഒരു പൊട്ടിത്തെറിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു.

വിരോധാഭാസമെന്നു പറയട്ടെ, ഒരമ്മയേയും മൂന്നുമക്കളേയും തല്ലിക്കൊന്ന ഖയർലഞ്ജി സംഭവം കഴിഞ്ഞു മൂന്നുദിവസത്തിന്നകം, ഒക്ടോബർ രണ്ടിന്ന് വിജയദശമി നാളിൽ നൂറുകിലോമീറ്റർ അകലെയുള്ള നാഗപ്പൂരിൽ വലിയൊരു ദളിത് സമ്മേളനം യാതൊരനിഷ്ട സംഭവവും കൂടാതെ നടന്നു. അംബേദ്കർ ബുദ്ധമതത്തിൽ ചേർന്നതിന്റെ അമ്പതാം വാർഷികം പ്രമാണിച്ചുള്ള ഈ മഹാസമ്മേളനത്തിൽ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള നേതാക്കൻമാർ പങ്കെടുത്തിരുന്നു. ഇംഗ്ലീഷ് തിയ്യതിയനുസരിച്ചുള്ള മതപരിവർത്തന ദിനമായ ഒക്ടോബർ 14ന്നും ജനലക്ഷങ്ങൾ പങ്കെടുത്ത ഒരു മഹാസമ്മേളനം നാഗപ്പൂരിൽ നടന്നിരുന്നു. ⇨

---

## *അധഃസ്ഥിതവർഗ്ഗക്കാർക്ക് നിയമം ..............*

ചാർജ് ചെയ്ത സ്ഥാനത്ത് 2005 ൽ 1306 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് രജിസ്റ്റർചെയ്ത കേസുകളുടെകാര്യം. കേസ് ചാർജ് ചെയ്താൽതന്നെ പ്രതികൾ ശിക്ഷിക്കപ്പെടുന്നത് അത്യപൂർവ്വമാണ്. 2002 ൽ ചാർജ്ചെയ്ത 1232 കേസുകളിൽ 24 എണ്ണത്തിൽ മാത്രമേ പ്രതികളെ ശിക്ഷിച്ചുള്ളു. 2005-ലാകട്ടെ, ശിക്ഷിക്കപ്പെട്ടത് അഞ്ചു പേർ മാത്രമാണ്.

2002 ൽ ദളിതുകളെ വധിച്ചതു സംബന്ധിച്ച് ചാർജ് ചെയ്തിരുന്നത് 25 കേസുകളായിരുന്നുവെങ്കിൽ 2005 ൽ അത് 40 ആയി. ബലാത്സംഗക്കേസുകൾ 2005 ൽ 56 ആയിരുന്നു ഇക്കൊല്ലം ഇതിന്നകം 39 കേസുകൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

ഈ ഇരുട്ടിന്നിടയിൽ പ്രത്യക്ഷപ്പെടുന്ന ഒരേ ഒരു രജുതരേഖ ദളിതുകൾക്കിടയിൽ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധമുദിക്കുന്നുണ്ടെന്നതാണ്. പണ്ടുമുതൽക്കേ പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന കുളത്തിൽ നിന്ന് വെള്ളമെടുക്കാൻ ദളിതുകൾ ധൈര്യപ്പെട്ടുവെന്നതുതന്നെ ആശാവഹമായ പുരോഗതിയാണ്.

പാർലിമെന്റ് പാസാക്കിയ നിയമങ്ങൾ നടപ്പാക്കാൻ പോലീസ് താല്പര്യം കാണിക്കുന്നപക്ഷം അതിവേഗം പരിഹരിക്കാവുന്ന ഒരു പ്രശ്നമാണിത്. ഇവിടെ യഥാർത്ഥമായും പ്രതിക്കൂട്ടിലാകുന്നത് പോലീസാണ്. ❑

ഖയർലഞ്ജിയിലെ കൂട്ടക്കൊലയിൽ ദളിതുകൾ ആദ്യമായി പ്രതിഷേധസ്വരം ഉയർത്തിയത് ഒരുമാസം കഴിഞ്ഞതിന്നു ശേഷമായിരുന്നു. ഒക്ടോബർ മൂന്നാം തിയ്യതി നാഗപ്പൂരിലെ ഒരു ഇംഗ്ലീഷ് പത്രമാണ് ഈ കൂട്ടക്കൊലക്കാര്യം ആദ്യമായി റിപ്പോർട്ട് ചെയ്തത്. ഒരു കുടുംബത്തിലെ നാലംഗങ്ങളെ തല്ലിക്കൊന്നു എന്നല്ലാതെ അത് ദളിത് കുടുംബമാണെന്ന് റിപ്പോർട്ടിൽ പറഞ്ഞിരുന്നില്ല. ഒരു മാസത്തിന്നു ശേഷം നവംബർ ഒന്നാം തിയ്യതി ഒരു ടെലിവിഷൻ ചാനൽ ഈ വാർത്ത റിപ്പോർട്ട് ചെയ്തപ്പോഴാണ് ഖയർലഞ്ജിയിൽ നടന്ന ക്രൂരസംഭവത്തെപ്പറ്റി പുറം ലോകം അറിയുന്നത്. ഇതിനെത്തുടർന്ന് നവംബർ 7ന്ന് നാഗപ്പൂരിൽ ഒരു പ്രതിഷേധപ്രകടനം നടന്നു. പിന്നീട് അമരാവതിയിലും യാവത്മാലിലും പ്രതിഷേധപ്രകടനങ്ങളുണ്ടായി. ഈ പ്രതിഷേധങ്ങളൊന്നും ഔപചാരികമായി സംഘടിപ്പിച്ചവയായിരുന്നില്ല; ഒന്നിനും നേതാവുണ്ടായിരുന്നില്ല. ഒരുപക്ഷെ അതുകൊണ്ടാവാം, പോലീസ് അതിക്രൂരമായി പ്രകടനക്കാരെ തല്ലിച്ചതച്ചു. ഖയർലഞ്ജി സംഭവത്തിൽ ഗവർമ്മേണ്ട് കാണിക്കുന്ന അലസതയിൽ പ്രതിഷേധിച്ചുകൊണ്ടുള്ളതായിരുന്നു നാഗപ്പൂർ, അമരാവതി യാവത്മൽ എന്നിവിടങ്ങളിലെ പ്രകടനങ്ങൾ. വളരെ വൈകിയാണെങ്കിലും ഗവർമ്മേണ്ട് ചില പോലീസുദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്യുകയും, അക്രമങ്ങൾക്ക് നേതൃത്വം നൽകിയ ആളായി കരുതപ്പെടുന്ന സർപഞ്ചിനേയും മറ്റും അറസ്റ്റ് ചെയ്യുകയും ഉണ്ടായെങ്കിലും ദളിതുകൾ അതിൽ തൃപ്തരല്ല.

ദളിതുകളുടെ അരിശം അങ്ങനെ നീറിപ്പുകഞ്ഞുകൊണ്ടിരിക്കുന്നതിന്നിടയിലാണ് അങ്ങകലെ യു.പി. യിലെ കാൻപൂരിൽ അംബേദ്കറുടെ ഒരു പ്രതിമയെ അവഹേളിച്ചതായുള്ള വാർത്തവരുന്നത് . ഉണങ്ങിയ വെടിമരുന്നിൽ തീപ്പൊരി വീണ അനുഭവമായിരുന്നു അതുണ്ടാക്കിയത് ഖയർലഞ്ജി സംഭവം നാഗപ്പൂർ–അമരാവതി–യാവത്മൽ പോലീസ് വേട്ടകൾ എന്നിവയെല്ലാം സൃഷ്ടിച്ചിരുന്ന അരിശം ആളിക്കത്തി.

ദളിതുകൾക്കെതിരായ അക്രമങ്ങളുടെ കാര്യത്തിൽ പത്രങ്ങൾ കണ്ണടച്ചുവരികയാണെന്ന് സാഹിത്യകാരനായ ആനന്ദ് തെൽതുംബ്ഡെ ആക്ഷേപിക്കുന്നു. അമരാവതിയിലും യാവത്മലിലും പോലീസ് നടത്തിയ വേട്ടകൾ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടേയില്ല. അമരാവതിയിൽ പോലീസ് വെടിവയ്പിൽ ഒരു ദളിത് മരിച്ചിരുന്നു; ഒട്ടേറെപേർക്ക് പരിക്കേറ്റു. യാവത് മലിലാകട്ടെ അർദ്ധരാത്രി സമയത്ത് അമ്പതോളം ചെറുപ്പക്കാരെ ഒരു കാരണവും പറയാതെ പോലീസ് പിടിച്ചുകൊണ്ടുപോയി.

കാലം വളരെ മാറിയെന്നും പത്രങ്ങൾ കണ്ണടച്ചാൽ ലോകത്തിൽ ഇരുട്ടുപരക്കുന്ന കാലം കഴിഞ്ഞുവെന്നും നാഗപ്പൂരിലെ ഒരു ദളിത് പ്രവർത്തകൻ പറഞ്ഞു. ഖയർലഞ്ജിയിലെ വാർത്ത പത്രങ്ങളിൽ വരുന്നതിന്നുമുമ്പ് തന്നെ പല വെബ്സൈറ്റുകളിലും കൊല്ലപ്പെട്ടവരുടെ ചിത്രങ്ങൾ വന്നിരുന്നു.

അംബേദ്കറുടെ മതപരിവർത്തനത്തിന്റെയെന്നപോലെത്തന്നെ മരണത്തിന്റേയും 50–ാം വാർഷികമാണ് ഇക്കൊല്ലം. തന്മൂലം ദളിതുകൾ സാമൂഹ്യതലത്തിൽ കൂടുതൽ സംഘടിതരാണ്. നിലനില്പുള്ള രാഷ്ട്രീയ നേതൃത്വത്തെ സംബന്ധിച്ചിടത്തോളം ദളിത് യുവാക്കൾ നിരാശരാണ്. അതിനാൽ അവർ തങ്ങളുടെ ക്ഷോഭം പ്രകടിപ്പിക്കാൻ മറ്റു വഴികൾ തേടുന്നു. ഖയർലഞ്ജിയിലെ കൂട്ടക്കൊലയിലും നാഗപ്പൂരിലും മറ്റും നടന്ന പോലീസ് വേട്ടയിലും പ്രതിഷേധിച്ച് യാതൊരു നേതൃത്വവുമില്ലാതെ നടന്ന പ്രകടനങ്ങളും പ്രക്ഷോഭണ

ങ്ങളും ഈ നൈരാശ്യത്തെയാണ് കാണിക്കുന്നത്. പ്രകടനങ്ങളും അക്രമങ്ങളും മൂലമുണ്ടായ നാശനഷ്ടങ്ങളെപ്പറ്റിയും അസൗകര്യങ്ങളെപ്പറ്റിയും പത്രങ്ങളും മറ്റുമാധ്യമങ്ങളും വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെയെല്ലാം പിന്നിലുള്ള പ്രകോപനത്തിന്റെ, ക്ഷോഭത്തിന്റെ, കാരണങ്ങൾ അന്വേഷിക്കേണ്ടതുണ്ട്. വെറും സാധാരണക്കാരായ ആയിരക്കണക്കിന്ന് ദളിത് യുവാക്കൾ റോഡിലിറങ്ങി ഇങ്ങനെ അതിക്രമങ്ങൾ കാണിച്ചതെന്തുകൊണ്ടാണ്?

ഇന്ത്യയിൽ മറ്റെവിടേയുമെന്നപോലെ മഹാരാഷ്ട്രത്തിലും ജാതി വിദ്വേഷം രൂക്ഷമായി തുടരുന്നുവെന്നതാണ് സത്യം. സംവരണംകൊണ്ട് കുറച്ചു പേർക്ക് വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്; ചിലർക്ക് ഉദ്യോഗം ലഭിച്ചിട്ടുണ്ട്. പക്ഷെ ജാതി വിദ്വേഷം ഇന്നും നിലനിൽക്കുന്നു. ഉദാഹരണത്തിന്ന്, ഖയർലഞ്ജിയിൽ അതിക്രമത്തിന്നിരയായവരെല്ലാം നല്ല പഠിപ്പുള്ളവരാണ്; അവർ നല്ല നിലയിലുള്ളവരാണ്. എന്നിട്ടും അവർക്ക് നാനാവിധ അവഹേളനങ്ങൾ സഹിക്കേണ്ടിവന്നുകൊണ്ടിരുന്നു. ജലസേചന സൗകര്യമുള്ള അഞ്ചേക്കർ ഭൂമി അവർക്കുണ്ടായിട്ടും ഒരു വീടുണ്ടാക്കാൻ പഞ്ചായത്ത് അനുവദിക്കുന്നില്ല. ഗ്രാമത്തിലെ ഒരംഗമായി അവരെ സ്വീകരിക്കാൻ പഞ്ചായത്ത് വിസമ്മതിച്ചുവരികയായിരുന്നു. വിവേചനത്തിന്റേതായ ഈ കഥ ഒറ്റപ്പെട്ടതല്ല; മഹാരാഷ്ട്രത്തിൽ ഉടനീളം ഇങ്ങനെയെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്; പത്രക്കാർ അതൊന്നും റിപ്പോർട്ട് ചെയ്യാറില്ലെന്നേയുള്ളൂ. ഒരു കൂട്ടക്കൊല നടന്നതിന്റെ റിപ്പോർട്ട് പുറത്തുവന്നതു തന്നെ ഒരു മാസം കഴിഞ്ഞാണല്ലോ. പത്രങ്ങൾ മൗനം ദീക്ഷിക്കുന്നതിനാൽ ഗവർമ്മേണ്ടും ഒന്നും അറിയില്ല. വല്ലാത്തൊരു പൊട്ടിത്തെറിയുണ്ടാകുമ്പോഴാണ് ഗവർമ്മേണ്ട് അതിന്റെ കാരണങ്ങളെപ്പറ്റി അന്വേഷിക്കാൻ മുതിരുന്നത്.

മഹാരാഷ്ട്രത്തിലെ ദളിത് പ്രശ്നത്തിന്ന് മറ്റൊരു സങ്കീർണ്ണത കൂടിയുണ്ട്. ദളിത് രാഷ്ട്രീയ നേതാക്കൻമാർക്ക് പരസ്പരം കണ്ടുകൂടാ. ദളിതർക്കിടയിൽ പല രാഷ്ട്രീയ കക്ഷികളുണ്ട്. ഖയർലഞ്ജിയിൽ ഭീകരമായ ഒരു കൂട്ടക്കൊല നടന്നിട്ടും ഈ കക്ഷികൾ ഒന്നിച്ചൊന്നു പ്രതിഷേധിക്കുക പോലും ചെയ്തില്ല. നേരെ മറിച്ച് അത്യന്തം പ്രകോപനാത്മകമായ പരിഹാരനിർദ്ദേശങ്ങൾ ഉന്നയിക്കാനാണ് അവർ മുതിർന്നത്. ദളിതുകൾക്കെല്ലാം ആയുധം നൽകണമെന്ന് ചിലർ വാദിച്ചപ്പോൾ, ദളിതുകൾക്കുമാത്രമായി പ്രത്യേക കോളനികൾ ഉണ്ടാക്കണമെന്ന് ചിലർ വാദിച്ചു. മുംബായിലും താനെയിലും മുനിസിപ്പൽ തിരഞ്ഞെടുപ്പു നടക്കാൻ പോകുകയാണ്. ഖയർലഞ്ജിപ്രശ്നത്തെ വോട്ടുപിടിക്കാനുള്ള കരുവാക്കാനാണ് ദളിത് രാഷ്ട്രീയ കക്ഷികൾ പോലും ശ്രമിക്കുക. മഹാരാഷ്ട്ര ഗവർമ്മേണ്ടും തനി മരവിച്ച മനോഭാവമാണ് കാണിക്കുന്നത്. അവരിതിനെ വെറും ക്രമസമാധാനപ്രശ്നമായി കൈകാര്യം ചെയ്യുന്നു.

വാസ്തവത്തിൽ നാഗപ്പൂരിലും അമരാവതിയിലും മറ്റും പ്രതിഷേധ പ്രകടനങ്ങൾ നടന്നപ്പോഴേ ഗവർമ്മേണ്ടിന്ന് അനക്കം വച്ചുള്ളൂ. അപ്പോഴാകട്ടെ, അതിന്റെ പിന്നിൽ നക്ഷലുകളാണെന്നാണ് ആഭ്യന്തരമന്ത്രി ആർ. ആർ. പാട്ടീൽ പറഞ്ഞത്. ഈയൊരു മനോഭാവം കൊണ്ടാണ് പോലീസ് പ്രകടനക്കാരെ തല്ലിച്ചതച്ചതും വെടിവച്ചതും. ഇത്തരം മരവിച്ച സമീപനങ്ങൾ വിനാശകരമാകുമെന്ന് നവമ്പർ 30 ന്ന് തീവണ്ടിക്കും മറ്റും തീവച്ചപ്പോഴേ ഗവർമ്മേണ്ട് മനസ്സിലാക്കിയുള്ളൂ. ❑

# തൊഴിലുറപ്പു പദ്ധതിക്ക് ചതിക്കുഴികൾ ഏറെ

**- മീനാക്ഷി ഠാക്കൂർ -**

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ട് ഇപ്പോൾ ആറുമാസം കഴിഞ്ഞു. പദ്ധതിയുടെ ജയാപജയങ്ങളെക്കുറിച്ച് ഗവൺമെന്റിനും ജനങ്ങൾക്കും വ്യത്യസ്താഭിപ്രായങ്ങളാണുള്ളത്. പദ്ധതി 90 ശതമാനവും വിജയിച്ചിട്ടുണ്ടെന്നാണ് അധികൃതർ അവകാശപ്പെടുന്നത്. ഇത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ലെന്ന് ജനങ്ങൾ പറയുന്നു.

കഴിഞ്ഞ ഫെബ്രുവരി രണ്ടാം തിയതിയാണ് പദ്ധതിയുടെ ഉദ്ഘാടനം നടന്നത്. ഇന്ത്യയിലെ ജില്ലകളിൽ ഏറ്റവും ദരിദ്രമായ 200 ജില്ലകളിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഓരോ ഗ്രാമീണ കുടുംബത്തിലേയും പ്രായപൂർത്തിവന്ന ഒരാൾക്ക് കൊല്ലത്തിൽ നൂറുദിവസം ജോലി നൽകാമെന്ന് ഉറപ്പുനൽകുന്ന ഒന്നാണ് ഈ പദ്ധതി. നാടിനു പ്രയോജനകരമായ സ്ഥിരം ആസ്തികളുടെ നിർമാണത്തിലൂടെ പാവങ്ങളുടെ ദാരിദ്ര്യം അകറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാമീണ വികസനമന്ത്രികാര്യാലയത്തിനാണ് ഈ പദ്ധതി നടപ്പാക്കാനുള്ള ചുമതല. അവർ 2006–2007 ലേക്ക് 11,300 കോടി രൂപ ഇതിനായി അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിൽ 4401 കോടി വിവിധ സംസ്ഥാനങ്ങൾക്ക് ഒന്നാം ഘട്ടമായി നൽകിയിട്ടുമുണ്ട്. മധ്യപ്രദേശവും രാജസ്ഥാനും മാത്രമാണ് അനുവദിച്ച ഒന്നാംഘട്ടം മുഴുവനും ചെലവാക്കിയിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതി ദയനീയമാണ്.

പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി അറിയാനായി ഈയിടെ ചില സന്നദ്ധസംഘടനകൾ ആറു സംസ്ഥാനങ്ങളിൽ സർവേകൾ നടത്തുകയുണ്ടായി. തൊഴിലുറപ്പു പദ്ധതി പ്രകാരം ഈ പദ്ധതി നടപ്പാക്കാനുള്ള ചുമതല പഞ്ചായത്തിനാണ്. എന്നാൽ അത് ഫലവത്തായിട്ടില്ലെന്ന് സർവ്വേയിൽ തെളിഞ്ഞു. പഞ്ചായത്തുകളുടെ അധികാരം രാഷ്ട്രീയക്കാർ തട്ടിയെടുക്കുന്നുവെന്നാണ് പ്രധാന ആക്ഷേപം. തൊഴിലുറപ്പു പദ്ധതിപ്രകാരം തൊഴിൽ നൽകുന്നത് സ്ഥിരം ആസ്തികൾ ഉണ്ടാക്കാനാകണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. എന്നാൽ, പലേടത്തും ഇത് പാലിക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ പഞ്ചായത്തിനെ സഹായിക്കാനായി ഓരോ ഗ്രാമപ്പഞ്ചായത്തിലും ഓരോ അസിസ്റ്റന്റിനെ നിയമിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മിക്ക സംസ്ഥാനങ്ങളും അതനുസരിച്ചിട്ടില്ല. തന്മൂലം തൊഴിൽ ആവശ്യപ്പെടുന്നവരിൽനിന്ന് അർഹരായവരെ തിരഞ്ഞെടുക്കുക, അവരുടെ പേർ രജിസ്റ്റർ ചെയ്യുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻപോലും പല പഞ്ചായത്തുകൾക്കും കഴിഞ്ഞിട്ടില്ല. ഇത്തരം പണികൾ പൂർത്തിയാകാതെ പദ്ധതി നടപ്പാക്കാനും പറ്റില്ല.

തൊഴിലുറപ്പുപദ്ധതി നടപ്പാക്കേണ്ട ഭാരം പഞ്ചായത്തിനാണെങ്കിലും ചില സംസ്ഥാനങ്ങൾ പഞ്ചായത്തുകളുടെ അധികാരം കവർന്നെടുക്കുന്നുണ്ട്. ഉദാഹരണം മധ്യപ്രദേശ്.

തൊഴിലിനുള്ള അപേക്ഷ സാധുവാണോ അല്ലയോയെന്നു തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്ത് പ്രസിഡന്റിനാണ്. എന്നാൽ മധ്യപ്രദേശിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ തീരുമാനത്തിനെതിരെ തഹസിൽദാർക്ക് അപ്പീൽ സമർപ്പിക്കാമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. അതായത് തിരഞ്ഞെടുക്കപ്പെട്ട അധികാരിയായ പഞ്ചായത്ത് പ്രസിഡന്റിൽനിന്ന് ഒരു ഉദ്യോഗസ്ഥനിലേക്ക് അധികാരം കൈമാറിയിരിക്കുന്നു.

തൊഴിൽ അപേക്ഷകരെ തിരഞ്ഞെടുക്കുക, പേർ രജിസ്റ്റർ ചെയ്യുക, തൊഴിൽ കാർഡ് നൽകുക എന്നീ പ്രവർത്തനങ്ങളിൽ രാഷ്ട്രീയം കയറിപ്പറ്റുന്നതാണ് മറ്റൊരു പ്രശ്നം. കർണ്ണാടകത്തിലും ആന്ധ്രയിലും തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന രീതിയെക്കുറിച്ച് ബാംഗ്ളൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ ത്രിലോചന ശാസ്ത്രി ഒരു അവലോകനം നടത്തുകയുണ്ടായി. ഏത് മരാമത്തുപണിയാണ് എന്ന് തീരുമാനിക്കുന്നത് ഗ്രാമസഭയുമായി ഒരു ബന്ധവുമില്ലാത്ത നാട്ടുപ്രമാണിമാരോ ഉദ്യോഗസ്ഥന്മാരോ ആണെന്ന് ശാസ്ത്രി പറയുന്നു.

തൊഴിലുറപ്പുപദ്ധതിപ്രകാരം പടുത്തുയർത്തേണ്ട ആസ്തികളുടെ കാര്യത്തിലും തർക്കമുണ്ട്. കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് നൽകിയ മാർഗ്ഗരേഖയിൽ ഒമ്പതുതരം മരാമത്തുപണികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഏഴെണ്ണവും ജലസംരക്ഷണ സംബന്ധമായ പ്രവർത്തനങ്ങളാണ്. സംസ്ഥാനങ്ങൾക്ക് സ്വന്തം നിലക്ക് പദ്ധതികൾ തിരഞ്ഞെടുക്കാനും സ്വാതന്ത്ര്യമുണ്ട്. പക്ഷേ, നിശ്ചിത മാർഗ്ഗ നിർദേശങ്ങളുടെ പരിധിയിൽ ഒതുങ്ങുന്നതാകണം. തദ്ദേശീയ ആവശ്യങ്ങൾക്കനുസൃതമായ പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നതിനാണ് ഈ ഔദാര്യം കാണിക്കുന്നത്. എന്നാൽ കേന്ദ്രത്തിന്റെ മാർഗ്ഗനിർദേശത്തിൽ പറയുന്ന പദ്ധതികൾ മാത്രമേ സംസ്ഥാനങ്ങൾ ഏറ്റെടുക്കുന്നുള്ളൂ. മധ്യപ്രദേശവും ഒറീസയും പട്ടികജാതി - പട്ടികവർഗ്ഗഭൂമിയുടെ വികസന പ്രവർത്തനം പദ്ധതിയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫലത്തിൽ അത്തരം പ്രവർത്തനമെന്തെങ്കിലും നടക്കുന്നതായി കാണുന്നില്ല. റോഡ് നിർമാണത്തിനാണ് അവർ മുൻഗണന നൽകുന്നത്.

കേന്ദ്രഗവൺമെന്റിന്റെ കണക്കനുസരിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങളിലാണ് എല്ലാവരും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. തൊഴിലുറപ്പു പദ്ധതിപ്രകാരം ഇതിനകം ഏറ്റെടുത്തിട്ടുള്ളത് 2,60,332 മരാമത്ത് പണികളാണ്. ഇതിൽ 1,41,085 പണികളും ജലസംരക്ഷണ സംബന്ധമായവയാണ്. വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന 16,727 പണികളും, വെള്ളപ്പൊക്ക നിയന്ത്രണത്തിനായി 3392 പണികളും ഏറ്റെടുത്തിട്ടുണ്ട്. പക്ഷേ, ഇത്തരം കണക്കുകളൊന്നും വിശ്വാസയോഗ്യമല്ലെന്നും, നേരിട്ട് പരിശോധിച്ചാലേ ഒരു തീരുമാനത്തിലെത്താൻ കഴിയൂവെന്നും സാമൂഹ്യ പ്രവർത്തകർ പറയുന്നു.

തൊഴിലുറപ്പു പദ്ധതിയുടെ വിജയത്തെപ്പറ്റി എന്തെങ്കിലും പറയാൻ സമയമായിട്ടില്ലെന്നത് ശരിയാണ്. ഈ പദ്ധതി ഗ്രാമീണ ജനതയെ ആകർഷിച്ചിട്ടുണ്ടെന്നതും ശരിയാണ്. എന്നാൽ, പദ്ധതി നടപ്പാക്കുന്നതിനു പ്രതിബന്ധങ്ങൾ പലതുണ്ട്. അത് മനസ്സിലാക്കി പ്രവർത്തിച്ചാൽ പദ്ധതി വിജയിക്കും. ❑

# തൊഴിലുറപ്പു പദ്ധതി: രണ്ടു വിജയകഥകൾ

**- ജീൻ ഡ്രേസ് -**

**കേ**ന്ദ്രത്തിലെ ഐക്യ പുരോഗമന ഗവൺമെന്റ് പാസാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഇപ്പോഴും അലംഭാവാണ് കാണിച്ചുവരുന്നത്. 'ആം ആദ്മി'ക്ക് (സാധാരണക്കാരന്) വേണ്ടി നിലകൊള്ളുമെന്ന പ്രതിജ്ഞ പാലിക്കാൻ ലഭിച്ച ഒരു സുവർണാവസരം ഗവൺമെന്റ് കളഞ്ഞുകുളിക്കുകയാണ്. നിയമനിർമാണം നടത്തി കൊല്ലമൊന്നു കഴിഞ്ഞുവെങ്കിലും, ഈ നിയമപ്രകാരം രൂപീകരിക്കേണ്ട സെൻട്രൽ എംപ്ലോയ്മെന്റ് ഗാരണ്ടി കൗൺസിലിന് ഇനിയും രൂപം നൽകിയിട്ടില്ല. പദ്ധതിക്ക് അനുവദിക്കുന്ന പണത്തിന്റെ രണ്ടുശതമാനം മാത്രമാണ് പദ്ധതിയുടെ ഭരണചെലവിനായി അനുവദിച്ചിരിക്കുന്നത്. അതുവെച്ച് പദ്ധതി നടപ്പാക്കാനാവില്ലെന്നത് വ്യക്തം.

ഇതിനകം 200 ജില്ലകളിലാണ് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഈ ജില്ലകളിൽ സി.എസ്.ഡി.എസ് നടത്തിയ ഒരു സർവ്വേയിൽ, പ്രായപൂർത്തിയായവരിൽ പകുതിപേർക്കുപോലും ഇങ്ങനെയൊരു പദ്ധതിയുള്ളതായി അറിയില്ലെന്നുകണ്ടു. നിയമം പ്രാബല്യത്തിൽവന്ന് ആറുമാസം കഴിഞ്ഞിട്ടും ചില സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുമില്ല. അഴിമതി ഒഴിവാക്കാനായി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പലേടത്തും നടപ്പാക്കുന്നില്ലെന്നതാണ് മറ്റൊരു അപകടം. എത്രപേരെ പണിക്ക് നിയോഗിക്കുന്നുവെങ്കിൽ, അവരുടെ പേരുവിവരമടങ്ങിയ ലിസ്റ്റ് പണിസ്ഥലത്ത് പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥയുണ്ട്. പക്ഷേ, സർവേക്ക് ചെന്നവർക്ക് പല സ്ഥലത്തും അത് കാണാനായില്ല.

ഇങ്ങനെയെല്ലാമാണെങ്കിലും ഇതിന്നിടയിലും ചില രജതരേഖകൾ കാണാനുണ്ട്. തൊഴിലുറപ്പുപദ്ധതി രാഷ്ട്രീയ കക്ഷികൾക്കിടയിൽ ഒരു മൽസരവിഷയമായിരിക്കുന്നുവെന്നതാണ് അതിൽ പ്രധാനം. കോൺഗ്രസ് നേതാക്കന്മാർ യു.പിയിലും ബീഹാറിലും ചുറ്റിക്കറങ്ങി തൊഴിലുറപ്പുപദ്ധതി നടപ്പാക്കാത്ത സംസ്ഥാന ഗവൺമെന്റിനെ വിമർശിച്ചുകൊണ്ടിരിക്കുന്നു. (പദ്ധതികാര്യത്തിൽ ഏറ്റവുമധികം അലസത കാണിക്കുന്നത് കേന്ദ്രഗവൺമെന്റാണെന്ന കാര്യം അവർ ഓർക്കാറില്ല). മാർക്സിസ്റ്റ് പാർട്ടിയും തൊഴിലുറപ്പുപദ്ധതി നടപ്പാക്കാത്ത സംസ്ഥാനങ്ങളെ വിമർശിക്കുന്നുണ്ട്. (ബംഗാളിലെ സ്ഥിതി അത്രയൊന്നും മെച്ചമല്ലെന്നത് വേറൊരു കാര്യം) പ്രതിപക്ഷകക്ഷിയായ ബി.ജെ.പി. വിമർശിക്കുന്നത് സ്വാഭാവികം; പക്ഷെ ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സ്ഥിതി അവർ ഓർക്കാറില്ല.

എല്ലാ പാർട്ടികളും തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ പരസ്പരം മൽസരിക്കുന്ന സാഹചര്യത്തിൽ, ഈ പദ്ധതി വിജയിക്കാനൊരു സാധ്യതയുണ്ട്. വാസ്തവത്തിൽ ചില പ്രദേശങ്ങളിൽ ഈ പദ്ധതി ശ്രദ്ധേയമായ വിജയം നേടിയതായി കാണാം. അതിലൊന്നാണ് രാജസ്ഥാനിലെ ദുർഗാർപൂർ ജില്ല. ഗ്രാമപ്രദേശങ്ങളിൽ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ മേഖലകളിലെല്ലാം ദൂരവ്യാപകമായ പരിവർത്തനങ്ങൾ കൈവരുത്താൻ ഈ തൊഴിലുറപ്പ് പദ്ധതിക്കു കഴിയുമെന്ന് ദുർഗാർപൂർ ജില്ല തെളിയിക്കുന്നു.

തൊഴിലുറപ്പുപദ്ധതി നടപ്പാക്കുന്ന രീതി മനസ്സിലാക്കാനായി കഴിഞ്ഞ ഏപ്രിലിൽ ദുൻഗാർപൂർ ജില്ലയിൽ ഒരു പദയാത്ര സംഘടിപ്പിക്കുകയുണ്ടായി. ജില്ലയിലെ

മിക്ക ഗ്രാമീണ വസതികൾക്കും തൊഴിൽ കാർഡ് കിട്ടിയിട്ടുണ്ട്. ഇവയിൽ പകുതിയോളം കുടുംബങ്ങളിൽനിന്ന് ഓരോരുത്തർ തൊഴിലുറപ്പുപദ്ധതി പ്രകാരമുള്ള പണിയിൽ ഏർപ്പെട്ടിട്ടുണ്ട്. ജലസംഭരണികൾ നിർമിക്കലാണ് പ്രധാന പണി. ജില്ലയിലുടനീളം ജലസംഭരണികൾ രൂപം കൊണ്ടുവരുന്നു. ജില്ലയിലെ സ്ത്രീകളുടെ കൈയിൽ കുറച്ച് കാശുണ്ട്; അതായത് അല്പം സാമ്പത്തികസ്വാതന്ത്ര്യം കൈവന്നിരിക്കുന്നു. എല്ലാ പണിസ്ഥലത്തും പണിക്കാരുടെ പേരെഴുതിയ പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ പട്ടികയിൽ കാര്യമായ കൃത്രിമമൊന്നുമില്ലെന്നാണ് പരിശോധന വ്യക്തമാക്കിയത്. തൊഴിലെടുക്കാൻ തയ്യാറായി മുന്നോട്ടുവരുന്നവർക്ക് തൊഴിൽ നൽകാൻ ഗ്രാമസേവകർ മുതൽ ജില്ലാ കളക്ടർ വരെ എല്ലാവരും ഉത്സാഹപൂർവ്വം പ്രവർത്തിക്കുന്നുണ്ട്.

കുറ്റങ്ങളും കുറവുകളും ഇല്ലെന്നല്ല ഇപ്പറഞ്ഞതിന്നർത്ഥം. വേതനം നൽകുന്നതിൽ കാലതാമസം വരുന്നതായി ആക്ഷേപമുണ്ട്.ചില ദിക്കിൽ മിനിമം വേതനം കൊടുക്കുന്നില്ല. അതൊക്കെ പരിഹരിക്കാവുന്നതേയുള്ളൂ. പദ്ധതി നടപ്പാക്കി രണ്ടുമാസത്തിന്നകമാണ് ഈ പദയാത്ര നടത്തിയതെന്നോർക്കണം. ഈ ചുരുങ്ങിയ കാലംകൊണ്ടുതന്നെ ദുർഗാർപൂർ ജില്ലയിലെ സാമൂഹ്യരംഗത്തും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലും മാറ്റത്തിന്റെ മന്ദമാരുതൻ വീശിത്തുടങ്ങിയിരിക്കുന്നു.

തൊഴിലുറപ്പു പദ്ധതി കാര്യത്തിൽ ദുർഗാർപൂരിൽ കാണപ്പെട്ട പ്രതിബദ്ധത രാജ്യത്താകെ വ്യാപിക്കുകയാണെങ്കിൽ എന്തുണ്ടാകുമെന്ന് ഓർത്തുനോക്കൂ. ഇതോടനുബന്ധമായി ഒട്ടേറെ രചനാത്മക പ്രവർത്തനങ്ങൾ വളർന്നുവരാം. ഉല്പാദനക്ഷമമായ പണികൾക്ക് പ്ലാൻ തയാറാക്കാം; സാമൂഹ്യ സുരക്ഷിതത്വപദ്ധതികൾ തുടങ്ങാം; തൊഴിലാളികളുടെ സംഘടനകളുണ്ടാക്കാം; വികലാംഗർക്കു പറ്റിയ തൊഴിലുകൾ ആവിഷ്കരിക്കാം; സാക്ഷരതാ പരിപാടികൾ സംഘടിപ്പിക്കാം – ഇതുപോലെ പലതും ചെയ്യാനാവും. പക്ഷേ, തൊഴിലുറപ്പുപദ്ധതിയെ ഒരു ദേശീയ പ്രയത്നമായി പടുത്തുയർത്താനും നിലനിർത്താനും കഴിഞ്ഞാലേ ഇതെല്ലാം സാധ്യമാകൂ. ഏതെങ്കിലും പാർട്ടിയുടെ തൊപ്പിയിലെ തൂവലായി ഇതിനെ അധ:പതിപ്പിക്കരുത്.

ആന്ധ്രയിലേതാണ് മറ്റൊരു വിജയകഥ. തൊഴിലുറപ്പു പദ്ധതിയെപ്പറ്റി ഏതാണ്ട് എല്ലാവർക്കും തന്നെ അറിവുണ്ടെന്നതാണ് ആന്ധ്രയിലെ ഒരു പ്രത്യേകത. തൊഴിലുറപ്പു പദ്ധതിപ്രകാരം പണി നടക്കുന്നിടത്തെല്ലാം പണിക്കാരുടെ പട്ടിക പ്രദർശിപ്പിച്ചിട്ടുമുണ്ട്. അഴിമതി ഒഴിവാക്കാനായി പണിക്കാർക്കുള്ള വേതനം തപാലാപ്പീസ് വഴിയാണ് നല്കുന്നത്. പണികൾക്ക് ആൾക്കാരെ കൊണ്ടുവരുന്നതിലും പണിയുടെ മേൽനോട്ടം നടത്തുന്നതിലും ജനകീയപങ്കാളിത്തമുണ്ടെന്നതും വലിയൊരു കാര്യമാണ്.

രാജസ്ഥാനിലെ ദുർഗാർപൂരിൽ നടത്തിയ പദയാത്രയെ മാതൃകയാക്കിക്കൊണ്ട് ആന്ധ്രയിലെ അനന്തപ്പൂർ ജില്ലയിലും ഒരു "സോഷ്യൽ ഓഡിറ്റ്" നടത്തുകയുണ്ടായി. വളണ്ടിയർമാരടങ്ങിയ നൂറിൽപരം ടീമുകൾ അറുന്നൂറിൽപരം ഗ്രാമപ്പഞ്ചായത്തുകളിലെ പണിയുടെ സ്ഥിതി പരിശോധിച്ചു. ഓരോ ടീമിലേയും മെംബർമാർ അതത് പ്രദേശത്തുള്ള പൊതുപ്രവർത്തകരായിരുന്നു. പണിക്കാരുടെ പട്ടികയും മറ്റു രേഖകളും പരിശോധിക്കുക; ചെയ്തുതീർത്ത പണിയുടെ ഗുണനിലവാരം പരിശോധിക്കുക; പരാതികൾ കേൾക്കുക; വീടുതോറും കയറിയിറങ്ങി സർവ്വേ നടത്തുക; തപാലാപ്പീസുകളിലെ കണക്കുപുസ്തകം പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളിലാണ് ഇവർ വ്യാപൃതരായത്. ഒരാഴ്ച നീണ്ടുനിന്ന ഈ അന്വേഷണം ജനങ്ങളിലും വലിയ മതിപ്പുളവാക്കിയിട്ടുണ്ട്.

മരാമത്തുപണികളിലെ തട്ടിപ്പിന്ന് കുപ്രസിദ്ധമായ ആന്ധ്രയിലാണ് ഇതെല്ലാം നടക്കുന്നതെന്നോർക്കണം. ചന്ദ്രഭാനു നായിഡുവിന്റെ നേതൃത്വത്തിലുള്ള തെലുങ്കു ⇨

# തൊഴിൽകൊള്ള തടയാൻ വിമുക്ത ഭടന്മാർ

**കേ**ന്ദ്രഗവർമ്മേണ്ട് നടപ്പാക്കിവരുന്ന തൊഴിലുറപ്പു പദ്ധതിയിൽ കൃത്രിമങ്ങളൊന്നും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താനായി വിമുക്തഭടൻമാരേയും റിട്ടയർചെയ്ത ഉദ്യോഗസ്ഥൻമാരേയും നിയമിക്കുന്നു. ഇത്തരത്തിൽ നിരീക്ഷകരായി നിയമിക്കപ്പെടാൻ താല്പര്യമുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങൾ ഈയിടെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു.

സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവർക്കായി കേന്ദ്രഗവർമ്മേണ്ട് നടപ്പാക്കിവരുന്ന ബൃഹത്തായൊരു പദ്ധതിയാണ് തൊഴിലുറപ്പു പദ്ധതി. കുടുംബത്തിലെ ഒരാൾക്ക് കൊല്ലത്തിൽ 100 ദിവസത്തെ പണിക്ക് ഉറപ്പുനൽകുന്നതാണിത്. ആദ്യഘട്ടം എന്ന നിലയിൽ പിന്നോക്കം നിൽക്കുന്ന 200 ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

“ജോലിക്കു കൂലി ഭക്ഷണം” എന്നും മറ്റുമുള്ള പേരിൽ ഇതിന്നുമുമ്പും ചില തൊഴിൽദാന പദ്ധതികൾ നടപ്പാക്കാറുണ്ടായിരുന്നു. പക്ഷെ അതിലധികവും ഉദ്യോഗസ്ഥൻമാരും കരാറുകാരും കൂടി പോക്കറ്റിലൊതുക്കുകയായിരുന്നു പതിവ്. അത്തരം അഴിമതികൾ തടയാനാണ് പദ്ധതി പ്രദേശങ്ങളിലേക്ക് നിരീക്ഷകരെ അയക്കുന്നത്.

എത്രപേർ പണിക്ക് ഹാജരാകുന്നുണ്ടെന്നും, അവർ എത്രത്തോളം പണിയെടുക്കുന്നുണ്ടെന്നും, അവർക്കുശരിക്ക് കൂലിനൽകുന്നുണ്ടോ എന്നുമെല്ലാം നിരീക്ഷിക്കലാണ് ഈ നിരീക്ഷകരുടെ ജോലി. അഞ്ചാറു നിരീക്ഷകർ ഒന്നിച്ച് ജോലിസ്ഥലങ്ങളിൽ പരിശോധന നടത്തുന്നതും കേന്ദ്രഗവർമ്മേണ്ടിന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതുമാണ്. കേന്ദ്രഗവർമ്മേണ്ട് നടപ്പാക്കിവരുന്ന ഇന്ദിര ആവാസ് യോജന പോലുള്ള ക്ഷേമ പദ്ധതികളുടെ മേൽനോട്ടത്തിന്ന് വിമുക്തഭടൻമാരെ നിയോഗിച്ചത് നല്ല ഫലമുളവാക്കിയതിനാലാണ് ഗ്രാമീണ വികസന കാര്യാലയം തൊഴിലുറപ്പുപദ്ധതിക്കും നിരീക്ഷകരെ നിയോഗിക്കാൻ പ്രേരകമായത്.

ഇങ്ങനെ നിയമിക്കപ്പെടുന്നവർക്ക് ശമ്പളമില്ല; എന്നാൽ ഒരലവൻസ് നൽകും. വിമുക്ത ഭടൻമാർക്ക് അത് ഗുണം ചെയ്യും. എന്നാൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർ ഇതിനെ വിശ്രമകാലത്തെ സാമൂഹ്യസേവനമായിട്ടാണ് കാണുന്നത്. ❑

---

ദേശം ഭരിച്ചിരുന്ന കാലത്ത് "ജോലിക്കു കൂലി ഭക്ഷണം" എന്ന പദ്ധതിപ്രകാരം ആയിരക്കണക്കിനു ടൺ അരിയാണ് മറിച്ചുവിൽക്കപ്പെട്ടത്. പ്രിയാങ്ക ദേശിങ്കറും ക്രെയ്ഗ് ജോൺസണും കൂടി നടത്തിയ പഠനത്തിൽ, അന്നത്തെ കൃത്രിമങ്ങളുടെ വിശദവിവരങ്ങൾ കാണാം. കേന്ദ്രഗവൺമെന്റ് ചില ഗ്രാമങ്ങൾക്കനുവദിച്ച അരിയിൽ 99 ശതമാനംവരെ മറിച്ചുവിറ്റ് കാശുണ്ടാക്കിയിട്ടുണ്ട്. സംസ്ഥാനഗവൺമെന്റ് ഈ പകൽകൊള്ളക്ക് സൗകര്യമുണ്ടാക്കിക്കൊടുത്തതെങ്ങനെയെന്നും ആ പഠനത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ ആന്ധ്രയിലെ തൊഴിലുറപ്പുപദ്ധതിയുടെ നടത്തിപ്പിൽ വമ്പിച്ച പരിവർത്തനമാണ് സംഭവിച്ചിരിക്കുന്നത്. കേന്ദ്രം അനുവദിക്കുന്ന പണം തട്ടി തിന്നുന്നതിലല്ല, ജനങ്ങൾക്ക് തൊഴിൽ നൽകി അവരുടെ പിന്തുണ നേടുന്നതിലാണ് നേതാക്കന്മാർ ഇന്ന് ശ്രദ്ധ ചെലുത്തുന്നത്.

(ലേഖകൻ ദൽഹി സ്കൂൾ ഓഫ് എക്കണോമിക്സിലെ ഓണററി പ്രൊഫസറാണ്) ❑

# വിവരാവകാശനിയമത്തിൽ വീട്ടുവീഴ്ച വയ്യ

**- ശൈലേശ് ഗാന്ധി -**

ഇന്ത്യക്ക് അഞ്ചു ദശകത്തിലധികം കാലമായി തിരഞ്ഞെടുക്കപ്പെട്ട, പ്രവർത്തനക്ഷമമായ, ഒരു ജനാധിപത്യ സംവിധാനമുണ്ട്. എന്നാൽ, സമത്വാധിഷ്ഠിതമായ, സത്യസന്ധമായ ഒരു ഭരണസംവിധാനമുണ്ടാക്കാൻ ഇനിയും സാധിച്ചിട്ടില്ല. ഒരു ജനാധിപത്യസംവധാനം നല്ലൊരു ഭരണത്തിനും ഉത്തരവാദിത്വത്തിനും ഉറപ്പു നൽകുമെന്നാണ് വയ്പ്. അങ്ങനെയാണെങ്കിൽ സമൂഹത്തിലെ ഏറ്റവും ദുർബലനുപോലും മാന്യമായ ഒരു ജീവിതം സാധ്യമാകും. പല സമ്പന്നരാജ്യങ്ങളിലും ഇതു സംഭവിച്ചിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ ഇന്നും സമത്വാധിഷ്ഠിതമായ, നീതിനിഷ്ടമായൊരു മനോഭാവം വളർന്നുവന്നിട്ടില്ല. വാസ്തവം പറഞ്ഞാൽ നമുക്ക് അധോഗതിയാണുണ്ടായിട്ടുള്ളത്. സമൂഹം അതിന്റെ അവകാശങ്ങൾ പിടിച്ചുവാങ്ങുന്നില്ല. അധികാര സ്ഥാനങ്ങളെല്ലാം നിക്ഷിപ്ത താല്പര്യങ്ങളുടെ കരുക്കളായി തീരുന്നു. പൊതുതാല്പര്യത്തിനെന്ന നിലയ്ക്കുള്ള എല്ലാ നടപടികളും അപ്പോൾ നിക്ഷിപ്ത താല്പര്യങ്ങളുടെ നന്മക്കായുള്ള നടപടികളായി ത്തീരുന്നു.

അപ്പോൾ എന്താണൊരു പോംവഴി? രാഷ്ട്രീയകക്ഷികളടക്കമുള്ള മിക്ക സംഘടനകളും ഒരു സൽ ഭരണത്തിത്തിനുവേണ്ടി പ്രവർത്തിക്കാൻ സാധ്യതയില്ലെന്ന നിഗമനത്തിലാണ് നാം എത്തുന്നതെങ്കിൽ, ആശിക്കാനൊന്നുമില്ലെന്ന സ്ഥിതി വരുമോ?

പൗരന്മാർ അവരുടെ അധികാര ശക്തി ഉപയോഗിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇത്തരമൊരു സാഹചര്യത്തിലെ പോംവഴി. ഭരണം കൂടുതൽ സുതാര്യവും ഭരണാധികാരികൾ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരുമാക്കാൻ പൗരൻമാർക്കു കഴിവുണ്ടാക്കിയാൽ ഭരണസംവിധാനത്തിൽ വലിയൊരു പരിവർത്തനം തന്നെ കൈവരുത്താം. എന്നാൽ ഭരണ സംവിധാനത്തെ പിടിച്ചുകുലുക്കാൻ പൗരന്മാർക്ക് ഇതുവരെ മാർഗമൊന്നുമുണ്ടായിരുന്നില്ല. അഴിമതി നിറഞ്ഞതും അവശരെ അവഗണിക്കുന്നതുമായ ഭരണസംവിധാനത്തെ നന്നാക്കാനുള്ള മാർഗ്ഗം പൗരൻമാർക്ക് അറിയാനുള്ള അവകാശം ഉറപ്പാക്കുകയാണ്. അത് ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്വബോധമുണ്ടാക്കും; തദ്വാര സൽഭരണത്തിനു ഉറപ്പുവരുത്താനും കഴിയും.

വിവരാവകാശം ഇന്ന് ഓരോ പൗരനും ലഭ്യമാണ്. വീട്ടിലിരുന്നുകൊണ്ടുതന്നെ ആ അവകാശം പ്രയോഗിക്കാനും കഴിയും. താരതമ്യേന ചെലവുകുറഞ്ഞ ഒന്നാണിത്. ഇതിനു സംഘടനയുടെ ആവശ്യകത പോലുമില്ല. വ്യക്തിയുടെ പരമാധികാരം ഇവിടെ ജനാധിപത്യത്തിന്റെ കേന്ദ്രബിന്ദുവായി ത്തീരുന്നു. അറിയാനുള്ള അവകാശം നമ്മുടെ മൗലികാവകാശത്തിൽ അന്തർലീനമാണ്. ഭരണഘടനയിലെ 19 (1) അനുഛേദം പൗരന്റെ അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിനു ഉറപ്പു നൽകുന്നു. ഒരു കാര്യത്തെപ്പറ്റി വിവരമുണ്ടെങ്കിലേ ഒരഭിപ്രായം പറയാൻ സാധിക്കൂ. അതിനാൽ അഭിപ്രായ സ്വാതന്ത്ര്യമെന്നതിൽ വിവരാവകാശവും അന്തർലീനമാണെന്ന് സുപ്രീം കോടതി 1977ൽ രാജനാരായണന്റെ കേസിൽ വിധിച്ചിട്ടുണ്ട്. പിന്നീട് 1982ൽ എസ്.പി.ഗുപ്തയുടെ കേസിലും സ്ഥാനാർഥികളെക്കുറിച്ച് കൂടുതൽ വിവരം ആവശ്യപ്പെട്ടുകൊണ്ട് പി.യു.സി.എൽ സമർപ്പിച്ച ഹർജിയിലും

സുപ്രീംകോടതി അത് ആവർത്തിച്ചുറപ്പിച്ചിരുന്നു. അതിനാൽ പുതിയ വിവരാവകാശനിയമം പൗരന് പുതിയ അവകാശമൊന്നും നൽകുന്നില്ല. ഭരണഘടന നിലവിൽവന്ന 1950 ജനുവരി 26 മുതൽ പൗരന് കൈവന്നിട്ടുള്ള അവകാശം തന്നെയാണിത്. ഈ മൗലികാവകാശം എങ്ങനെ പ്രയോഗികമാക്കാം എന്നു വിവരിക്കുന്നുവെന്നതാണ് പുതിയ വിവരാവകാശ നിയമത്തിന്റെ പ്രത്യേകത.

2004ൽ കേന്ദ്രത്തിൽ യു.പി.എ ഗവൺമെന്റ് നിലവിൽ വരുന്നതിനുമുമ്പുതന്നെ ഒമ്പത് സംസ്ഥാനങ്ങളിൽ വിവരാവകാശനിയമം നിലവിൽവന്നുകഴിഞ്ഞിരുന്നു. തങ്ങൾ അധികാരത്തിൽവന്നാൽ കൂടുതൽ മെച്ചപ്പെട്ടൊരു വിവരാവകാശനിയമം നടപ്പാക്കുമെന്ന് യു.പി.എ പ്രകടന പത്രികയിൽ ഉറപ്പുനൽകി. തിരഞ്ഞെടുപ്പിനുശേഷം യു.പി.എ അധികാരമേറ്റപ്പോൾ, വിവരാവകാശ നിയമത്തിന് രൂപം നൽകാനായി ചർച്ചകൾ ആരംഭിച്ചു. സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രതിനിധികൾ, രാഷ്ട്രീയ നേതാക്കന്മാർ എന്നിവരെല്ലാം ഇതിൽ ഉൾപ്പെട്ടിരുന്നു. വിവരാവകാശനിയമത്തിനായി ദേശീയതലത്തിൽ പ്രക്ഷോഭണം നയിച്ചിരുന്ന അരുണറോയ് ഈ ചർച്ചകളിൽ സജീവമായി പങ്കെടുത്തിരുന്നു.

ഒട്ടേറെ ചർച്ചകൾക്കുശേഷം 2004 ഡിസംബർ 12ന് ഒരു കരടുബില്ലിന് രൂപം നൽകി. എന്നാൽ ഡിസംബർ 22ന് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചപ്പോൾ അതിൽ വല്ലാതെ വെള്ളം കൂട്ടിയിരിക്കുന്നതായി കാണപ്പെട്ടു. ഇത് വ്യാപകമായ പ്രതിഷേധത്തിനിടയാക്കിയപ്പോൾ പ്രശ്നം ഒരു പാർലമെന്ററി കമ്മിറ്റിക്കുവിട്ടു. എല്ലാ വിഭാഗക്കാരുമായി കൂടിയാലോചിച്ചശേഷം കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പുതിയൊരു ബിൽ 2005 മെയ് 11ന് ലോകസഭയിൽ അവതരിപ്പിച്ചു. 2005 ഒക്ടോബർ 12ന് പ്രാബല്യത്തിൽവന്ന വിവരാവകാശ നിയമം ഇതാണ്.

പാർലമെന്റ് പാസാക്കിയ 2005ലെ വിവരാവകാശ നിയമപ്രകാരം, കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ വകുപ്പുകളിലും ഗവൺമെന്റിൽനിന്ന് സഹായം ലഭിക്കുന്ന സംഘടനകളിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നിയമിക്കണം; ഭരണസംബന്ധമായ കാര്യങ്ങളെക്കുറിച്ച് ഏത് പൗരനും ചോദ്യം ഉന്നയിക്കാം; ചോദ്യം സമർപ്പിച്ചാൽ 30 ദിവസത്തിനകം ഗവൺമെന്റ് മറുപടി നൽകണം. മറുപടി കിട്ടാത്തപക്ഷം വകുപ്പുമേധാവിക്ക് അപ്പീൽ സമർപ്പിക്കാം. എന്നിട്ടും ഫലമില്ലെങ്കിൽ ഇൻഫർമേഷൻ കമ്മീഷന് അപ്പീൽ സമർപ്പിക്കാം.

ആവശ്യപ്പെട്ട വിവരം നൽകാതിരുന്ന ഇൻഫർമേഷൻ ഓഫീസർക്ക് ദിവസമൊന്നുക്ക് 250 ക പിഴശിക്ഷ വിധിക്കാൻ ഇൻഫർമേഷൻ കമ്മീഷന് അധികാരം നൽകിയിരിക്കുന്നു എന്നതാണ് ഈ നിയമത്തിലെ വിപ്ലവകരമായ വശം.

ജനങ്ങൾ ഈ വിവരാവകാശ നിയമത്തെ ശരിക്കും ഉപയോഗപ്പെടുത്തുന്ന പക്ഷം ഇന്ത്യയിൽ ഗാന്ധിജി വിഭാവനം ചെയ്ത സ്വരാജ് കൈവരുത്താൻ ഈ വിവരാവകാശ നിയമത്തിന് കഴിയും. കുടിലിൽ കഴിയുന്ന പാവങ്ങൾക്കുപോലും ഇന്ന് ഗവൺമെന്റിനെ ചോദ്യം ചെയ്യാൻ അധികാരം കൈവന്നിരിക്കുന്നു. റേഷൻ കാർഡ് കിട്ടാൻ താമസം വരുന്നതെന്തുകൊണ്ടാണ്; പെൻഷൻ എന്തുകൊണ്ട് കിട്ടിയില്ല; പാസ്പോർട്ടിനുള്ള അപേക്ഷക്ക് എന്തു സംഭവിച്ചു; ഇത്തരം കാര്യങ്ങളിൽ ഇന്നലെവരെ പൗരന്മാർ നിസഹായരായിരുന്നു. ഇന്ന് ആർക്കും ഇത്തരം ചോദ്യങ്ങൾ ചോദിക്കാം; ശരിയായ ഉത്തരം ന്ലകാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. തെറ്റായ ഉത്തരം നൽകിയാൽ, അപൂർണമായ ഉത്തരം നൽകിയാൽ 250 ക പിഴയിടാൻ ഇൻഫർമേഷൻ കമ്മീഷന് അധികാരമുണ്ട്.

പേജ് 24



*നിയമവിദ്യാഭ്യാസം, മനുഷ്യാവകാശ സംരക്ഷണം, നീതിനിർവ്വഹണം തുടങ്ങിയ രംഗങ്ങളിൽ അന്താരാഷ്ട്ര പ്രശസ്തനായ പത്മശ്രീ ഡോ. എൻ.ആർ. മാധവമേനോന്റെ പ്രഭാഷണമായിരുന്നു 2006ലെ മനുഷ്യാവകാശദിനത്തിൽ ജനനീതിയുടെ മുഖ്യ പരിപാടി. പുതിയ പോലീസ് നിയമത്തെപ്പറ്റി അദ്ദേഹം നടത്തിയ പ്രഭാഷണത്തിന്റെ സാരസംഗ്രഹം.*

# പോലീസ്: മാറ്റങ്ങൾ ഉൾക്കൊള്ളാൻ പാർട്ടികളും ഭരണകൂടങ്ങളും തയ്യാറാകണം.

2005 സെപ്തംബറിൽ മൻമോഹൻ സിംഗ് ഗവർമ്മേണ്ട് നിയോഗിച്ച സോളി സൊറാബ്ജി കമ്മിറ്റിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(1) കാലത്തിന് ഉതകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ പോലീസിന് കഴിയണം; (2) പോലീസിന്റെ ഘടനയിലും പ്രവർത്തനശൈലിയിലും മൂല്യപരമായ മാറ്റം; (3) ജനങ്ങളുടെ പരാതികളും ആശങ്കകളും അകറ്റി ക്രമസമാധാനപാലനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

കമ്മിറ്റിയുടെ റിപ്പോർട്ട് അന്തിമഘട്ടത്തിലെത്തിയപ്പോഴാണ്, സുപ്രീം കോടതിയിൽ ഏറെവർഷമായി പരിഗണനയിലിരുന്ന ഒരു കേസിന്റെ കാര്യം വരുന്നത്. യു.പി.യിൽ ഡി.ജി.പി.യായിരുന്ന പ്രകാശ് സിംഗ് IPS റിട്ടയർ ചെയ്ത ദിവസം തന്നെ സുപ്രീം കോടതിയിൽ 310/96 ആയി ഫയൽ ചെയ്ത പൊതുതാല്പര്യ ഹർജിയായിരുന്നു അത്. പ്രശസ്ത അഭിഭാഷകൻ ശാന്തിഭൂഷൻ വഴി സമർപ്പിച്ച കേസിന്റെ താല്പര്യം ദേശീയ പോലീസ് കമ്മീഷനും ദേശീയ മനുഷ്യാവകാശ കമ്മീഷനും വിവിധ കാലയളവിൽ സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നതായിരുന്നു. അതായത് - (1) സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ സ്ഥാപിക്കുക, (2) DGP യ്ക്ക് നിശ്ചിതകാലം അനുവദിക്കുക, (3) ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിക്കുക, (4) പുതിയ പോലീസ് നിയമം കൊണ്ടുവരിക.

ഈ കേസിൽ സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്രഗവർമ്മേണ്ട് ജൂലിയോ റിബോറോയുടെ നേതൃത്വത്തിൽ ഒരു സബ്ബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. ദേശീയ പോലീസ് കമ്മീഷനും ദേശീയ മനുഷ്യാവകാശ കമ്മീഷനും മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പഠിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ നാല് വർഷം

കഴിഞ്ഞിട്ടും റിപ്പോർട്ട് സമർപ്പിക്കപ്പെട്ടില്ല. ഈ സാഹചര്യത്തിലാണ് സോളി സൊറാബ്ജി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ സുപ്രീം കോടതി തയ്യാറായത്.

സൊറാബ്ജി കമ്മിറ്റിയുടെ അന്വേഷണം പ്രധാനമായും മൂന്ന് തലങ്ങളിലാണ് ശ്രദ്ധിച്ചത്. (1) പോലീസിന്റെ പ്രതിബദ്ധത (Accountability); (2) സ്വതന്ത്രവും നിഷ്പക്ഷവുമായ പോലീസ്; (3) പോലീസിന്റെ കാര്യക്ഷമത

കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ താഴെപ്പറയുന്നവ സുപ്രധാനങ്ങളാണ്.

(1) സ്റ്റേറ്റ് പോലീസ് ബോർഡ്: ഇത് പോലീസിനെ കൂടുതൽ സ്വതന്ത്രമാക്കും. ഭരണകൂടത്തിന്റെ ഭാഗമായിരിക്കില്ല പോലീസ്. ബാഹ്യശക്തികൾ പോലീസിനെ നിയന്ത്രിക്കാൻ വരില്ല.

(2) ഡി.ജി.പി.യെ നിയമിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ വേണം. ഒരു നിശ്ചിത കാലഘട്ടം തികയ്ക്കാൻ അദ്ദേഹത്തെ അനുവദിക്കണം. സീനിയേരിറ്റി എന്നതിലുപരി സേവനത്തിന് ലഭിച്ച അംഗീകാരങ്ങൾ, ശുദ്ധമായ സാമൂഹ്യ പ്രതിഛായ, കറപുരളാത്ത വ്യക്തിത്വം, ജോലിയിലുള്ള വിശ്വസ്തത, സർവ്വോപരി ജനാധിപത്യ-മാനവ മൂല്യങ്ങളിലൂന്നിയ സമീപനം - എന്നിവയായിരിക്കണം ഡി.ജി.പി.യിൽ അടിസ്ഥാനപരമായി ഉണ്ടാകേണ്ട സവിശേഷതകൾ. ഗവർമ്മേണ്ടിൽ സമർപ്പിക്കുന്ന മൂന്നു വിദഗ്ധരുടെ പാനലിൽനിന്നും സർക്കാർ ഒരാളെ തിരഞ്ഞെടുക്കണം.

(3) നിയമനം, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നീകാര്യങ്ങൾ നോക്കുന്നതിന് പ്രത്യേകം കമ്മിറ്റി വേണം. വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഈ കമ്മിറ്റി എടുക്കുന്ന തീരുമാനം ഗവർമ്മേണ്ട് മാനിക്കണം.

(4) പോലീസിനെ കുറ്റാന്വേഷണം, ക്രമസമാധാനപാലനം എന്നിങ്ങനെ രണ്ട് സ്വതന്ത്ര ഘടകങ്ങളാക്കും. എല്ലാ മേഖലകളിലുമുള്ള വിദഗ്ധർ ഉൾപ്പെടുന്നതായിരിക്കും അന്വേഷണവിഭാഗം. കുറ്റവാളികൾ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനാൽ, കുറ്റാന്വേഷണ വിഭാഗവും ഏറ്റവും പുതിയ ശാസ്ത്ര-സങ്കേതിക-വൈജ്ഞാനിക മേഖലകളിൽ പ്രാവീണ്യം നേടിയവരെ ഉൾക്കൊള്ളണം. വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, വിവരസാങ്കേതികവിദ്യ, കമ്പ്യൂട്ടർ, മനശാസ്ത്രം, സാമൂഹ്യശാസ്ത്രം, ചരിത്രം, നിയമം - തുടങ്ങിയ എല്ലാ രംഗങ്ങളിലെയും വിദഗ്ധർ കുറ്റാന്വേഷണ വിഭാഗത്തിൽ വേണം. അവരെ ഒരു കാരണവശാലും ക്രമസമാധാനം, വി.ഐ.പി.കളുടെ അകമ്പടി തുടങ്ങിയ കാര്യങ്ങൾക്ക് വിളിക്കരുത്.

(5) കോൺസ്റ്റബിൾ തസ്തിക നിർത്തലാക്കണം. പകരം സിവിൽ പോലീസ് ഓഫീസർ, ഗ്രേഡ് II രൂപീകരിക്കണം. കുറഞ്ഞ വിദ്യാഭ്യാസം ഡിഗ്രിയാക്കണം. ഇപ്പോൾ കോൺസ്റ്റബിൾ തസ്തികയിലുള്ള മുഴുവൻ പേരെയും നിശ്ചിത കാലാവധിക്കുള്ളിൽ പ്രത്യേക തീവ്രപരിശീലനം നല്കി ബിരുദധാരികളാക്കണം. മെച്ചപ്പെട്ട ശമ്പളം, ജീവിതസൗകര്യങ്ങൾ, ജോലി വ്യവസ്ഥകൾ ഉണ്ടാകണം.

(6) പോലീസിന് സംഘടനാസ്വാതന്ത്ര്യം ആവിശ്യമില്ലെന്നാണ് കമ്മിറ്റിയുടെ നിർദ്ദേശം. ക്ഷേമപ്രവർത്തനങ്ങളെ ലക്ഷ്യംവച്ചുള്ള സംഘങ്ങൾ ആകാം. പോലീസിന്റെ ഭാഗത്തുനിന്നുള്ള കൃത്യവിലോപങ്ങൾ ഗൗരവ കുറ്റങ്ങളായി കാണണം.

(7) പോലീസിന്റെ പരാതികൾ പരിശോധിക്കാനും നടപടികൾ നിർദ്ദേശിക്കാനും പോലീസ് വെൽഫെയർ ബ്യൂറോകൾ ഉണ്ടാകണം.

(8) പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം സൗഹൃദപരമാവണം. അതിനായി വില്ലേജ് പോലീസ് ഗാർഡ്സിന് രൂപം കൊടുക്കണം.

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

(9) എല്ലാ ജില്ലകളിലും, ജില്ലാ പോലീസ് സൂപ്രണ്ടിനെ ഉപദേശിക്കുന്നതിനായി പൗരസമിതി ഉണ്ടാകണം.

(10) ഏറ്റവും സുപ്രധാനമായ നിർദ്ദേശം - സ്റ്റേറ്റ് പോലീസ് അക്കൗണ്ടബിലിറ്റി കമ്മീഷന്റെ രൂപീകരണമാണ്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിശ്ചയിക്കുന്ന ഒരു ഹൈക്കോടതി ജഡ്ജിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മീഷനിൽ ഗവർമ്മേണ്ടിന്റെയും പോലീസിന്റെയും പ്രതിനിധികൾ ഉണ്ടാകാം. പോലീസിനെ സംബന്ധിക്കുന്ന മുഴുവൻ പരാതികളും പരിശോധിക്കുന്നത് ഈ കമ്മീഷനായിരിക്കും.

11. ഇപ്പോഴുള്ള സായുധ പോലീസിനെ മാറ്റംകൂടാതെ നിലനിർത്താനാണ് നിർദ്ദേശം.

12. പോലീസ് അക്കാദമികളിൽ പാഠ്യപദ്ധതി ക്രമീകരിക്കുന്നതിൽ വിദഗ്ധരുടെ സേവനം സ്വീകരിക്കണം. പോലീസ് അല്ല അത് നിർവ്വഹിക്കേണ്ടത്. പോലീസ് അക്കാദമിയിൽ അധ്യാപകരായി യു.ജി.സി. അംഗീകരിച്ച യോഗ്യതയുള്ളവർ വരണം.

പോലീസ് ഘടനയിലും ശൈലിയിലും മാറ്റങ്ങൾ വരുന്നത് ഭരണപരിഷ്ക്കരണത്തിന് വേഗതകൂട്ടും. അതിന് സംസ്ഥാന ഭരണകൂടങ്ങൾ തയ്യാറാകണം. പോലീസിനെ തങ്ങളുടെ ചട്ടുകങ്ങളായി ഉപയോഗിക്കുന്ന രാഷ്ട്രീയനയം മാറണം. ജനങ്ങളും സംഘടനകളും അതിനായി സർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കണം. ഈ രംഗത്ത് മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. ❑

## വിവരാവകാശനിയമത്തിൽ.........

മഹാരാഷ്ട്രയിൽ തൊഴിലുറപ്പു പരിപാടിയിൽ വ്യാപകമായ അഴിമതി നടന്നിരുന്നു. ഇന്ന് അതിനറുതിവന്നു. ആർക്കെല്ലാം പണി നൽകിയെന്നും എത്ര കൂലി നൽകിയെന്നും കാണിക്കുന്ന ലിസ്റ്റ് കാണണമെന്ന് ആളുകൾ ആവശ്യപ്പെട്ടു തുടങ്ങിയതോടെ തട്ടിപ്പിന് മാർഗ്ഗമില്ലാതായി. രാജസ്ഥാനിൽ അന്ത്യോദയ പദ്ധതി പ്രകാരം പരമദരിദ്രർക്കു സൗജന്യമായി അരി നൽകണം. പക്ഷേ, ഇത് അധികമാർക്കും കിട്ടാറില്ല. ഈയിടെ ഒരു വൃദ്ധൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചതോടെ അരി കിട്ടിത്തുടങ്ങി.

രാജ്യത്താകെ പൗരന്മാർ ഈ വിവരാവകാശ നിയമം എടുത്തു പ്രയോഗിക്കാൻ തുടങ്ങുകയും 'സ്വരാജി'ന്റെ അർത്ഥവും ശക്തിയും മനസിലാക്കുകയും ചെയ്തിട്ടുണ്ട്. അധികാരത്തിന്റെ തുലാസിൽ ജനങ്ങളുടെ തട്ടിന് ഭാരം കൂടുന്നതുകണ്ട് അധികാരിവർഗ്ഗം ഇപ്പോൾ അസ്വസ്ഥരായിരിക്കുകയാണ്. അതുകൊണ്ടാണ് കേന്ദ്രമന്ത്രിസഭ നിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചത്. ഫയലിലെ കുറിപ്പുകൾ പരസ്യപ്പെടുത്തുകയില്ല എന്നതാണ് ഈ ഭേദഗതിയുടെ മർമ്മം. ഒരു കാര്യത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒരു പ്രത്യേകതരത്തിൽ തീരുമാനമെടുത്തതെന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുകയില്ലെന്നർത്ഥം. ഉദ്യോഗസ്ഥരുടെ തോന്നിവാസങ്ങൾക്കും അഴിമതിക്കും സംരക്ഷണം നൽകുന്ന ഒന്നാണിത്.

ഗവൺമെന്റിന്റെ ഈ പിന്തിരിപ്പൻ നടപടിക്കെതിരായി വിവിധ ഗ്രൂപ്പുകൾ രംഗത്തെത്തിയിട്ടുണ്ട്. മർദ്ദകരായ ഭരണാധികാരികളെ കുടഞ്ഞെറിയാൻ കൈവന്ന അവസരം പൗരന്മാർ കൈവിടാൻ പോകുന്നില്ല.

(വിവരാവകാശ സംരക്ഷണത്തിന്നുള്ള ദേശീയ പ്രസ്ഥാനത്തിന്റെ കൺവീനറാണ് ലേഖകൻ). ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ – ആയുഷ്കാലം : 1000 ക.**